
MUYIPPOTH M.U.P SCHOOL
മുയിപ്പോത്ത്
മാപ്പിളയു.പി.സ്കൂൾ
അക്കാദമിക്ക് മാസ്റ്റർ പ്ലാൻ
2025-2026

# മുയിപ്പോത്ത് മാപ്പിള യു.പി.സ്കൂൾ
# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഉയരങ്ങളിലേക്ക്

മേലടി ഉപജില്ല
വടകര വിദ്യാഭ്യാസജില്ല
കോഴിക്കോട്

# ഉള്ളടക്കം


1. ആമുഖം
2. ചരിത്രം
3. അവസ്ഥാവിശകലനം
4. നിലനിൽക്കുന്ന പ്രശ്നങ്ങൾ
5. വിദ്യാലയവികസനം-കാഴ്ചപ്പാട്
6. ലക്ഷ്യങ്ങൾ
7. അക്കാദമിക പ്രവർത്തനങ്ങൾ

7 (1) മലയാളം
(2) ഇംഗ്ലീഷ്
(3) ഹിന്ദി
(4) ഗണിതം
(5) അടിസ്ഥാനശാസ്ത്രം
(6) സാമൂഹ്യശാസ്ത്രം
(7) ചിത്രകല
(8) സംസ്കൃതം
(9) ഉറുദു
(10) അറബിക്
(11) കായികം
(12) അധ്യാപക രക്ഷാകർതൃസമൂഹക്കൂട്ടായ്മ
(13) ഭക്ഷണം,ആരോഗ്യം,ശുചിത്വം
(14) സമഗ്രവികസനം

8 മോണിറ്ററിംഗ്
9 ഉപസംഹാരം
10 അനുബന്ധം

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | മുയിപ്പോത്ത് മാപ്പിള യു.പി.സ്കൂൾ |
| വിലാസം | : | മുയിപ്പോത്ത് (പി.ഒ) മേപ്പയ്യൂർ വഴി<br>കോഴിക്കോട്-673524 |
| ഫോൺ | : | 0496-2775638 |
| സ്കൂൾ കോഡ് | : | 16566 |
| ഉപജില്ല | : | മേലടി |
| വിദ്യാഭ്യാസ ജില്ല | : | വടകര |
| റവന്യൂജില്ല | : | കോഴിക്കോട് |
| ബി.ആർ.സി | : | പേരാമ്പ്ര |
| സി.ആർസി | : | ചെറുവണ്ണൂർ |
| ഗ്രാമപഞ്ചായത്ത് | : | ചെറുവണ്ണൂർ |
| ബ്ലോക്ക് | : | പേരാമ്പ്ര |
| ജില്ലാപഞ്ചായത്ത് | : | കോഴിക്കോട് (മണിയൂർഡിവിഷൻ) |
| നിയമസഭാമണ്ഡലം | : | പേരാമ്പ്ര |
| ലോകസഭാമണ്ഡലം | : | വടകര |
| താലൂക്ക് | : | കൊയിലാണ്ടി |
| വില്ലേജ് | : | ചെറുവണ്ണൂർ |
| ഇ.മെയിൽ | : | mupsmuyippoth@gmail.com |
| വെബ്സൈറ്റ് | : | http://aammupschoolweebly.com |
| മാനേജർ | : | ശ്രീ. ആസിഫ് മെഹതാഷ്.എൻ |

## 1. ആമുഖം

മുയിപ്പോത്ത് ടൗണിന്റെ ഹൃദയഭാഗത്ത് പേരാമ്പ്ര-ചാനിയംകടവ്-വടകര റോഡിന്റെ ഇരുവശങ്ങളിലുമായി പ്രവർത്തിക്കുന്ന വിദ്യാലയമാണ് മുയിപ്പോത്ത് മാപ്പിള യു.പി.സ്കൂൾ. 90 വർഷമായി പ്രവർത്തിക്കുന്ന ഈ സ്കൂളിലാണ് ഈ നാട്ടിലെ ഒട്ടുമിക്ക ആളുകളും പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. മുയിപ്പോത്തിന്റെ സമസ്തമേഖലകളുടെയും വികസനത്തിൽ മുഖ്യപങ്കുവഹിച്ച ഒരു സ്ഥാപനമാണ് ഇത്. ഈയടുത്ത കാലം വരെ റോഡിന്റെ ഇരുവശങ്ങളിലുമായാണ് സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. ഇപ്പോൾ 1 മുതൽ 7വരെ ക്ലാസുകൾ റോഡിന്റെ ഒരു ഭാഗത്തും പ്രീ-പ്രൈമറി ക്ലാസുകൾ മറ്റൊരു ഭാഗത്തുമായി പ്രവർത്തിച്ചു വരുന്നു. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതമൂലം വളരെ പ്രയാസം അനുഭവിച്ചുവരുകയായിരുന്ന ഈ വിദ്യാലയം കഴിഞ്ഞ 2 വർഷങ്ങളായി ഒരു വികസനക്കുതിപ്പിന് തുടക്കമിട്ടിരിക്കുകയാണ്. പുതിയകെട്ടിടം, അടുക്കള, ടോയ്‌ലറ്റുകൾ, നീന്തൽക്കുളം, ഗ്രൗണ്ട്, മികച്ചസൗകര്യങ്ങളോടെയുള്ള കമ്പ്യൂട്ടർറൂം സ്മാർട്ട് ക്ലാസ്റൂം, സ്റ്റാഫ്റൂം, എല്ലാ ക്ലാസിലും ഫാനുകൾ തുടങ്ങിയവ സജ്ജമായിക്കഴിഞ്ഞു. വിഷൻ 2018 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഓഡിറ്റോറിയം, വായനശാല, ഗണിതശാസ്ത്ര, ശാസ്ത്ര, സാമൂഹ്യശാസ്ത്ര ലാബുകൾ തുടങ്ങിയവയുടെ പണി പുരോഗമിക്കുകയാണ്. 2018 മാർച്ച് 31ന് പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് വിഷൻ 2018 പദ്ധതി ആവിഷ്കരിക്കുന്നത്. കോഴിക്കോട് ജില്ലയിലെ തന്നെ നീന്തൽകുളമുള്ള ഏക പ്രൈമറി വിദ്യാലയമാണ് മുയിപ്പോത്ത് എം.യു.പി.സ്കൂൾ. എന്നാൽ ഇനിയും പരിഹരിക്കപ്പെടേണ്ട ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്.

ഇപ്പോൾ 1 മുതൽ 7വരെ ക്ലാസുകളിലായി 12 ഡിവിഷനുകൾ ഉണ്ട്. പ്രീപ്രൈമറി രണ്ട് ക്ലാസുകളും.പ്രൈമറിയിൽ 263ഉം പ്രീപ്രൈമറിയിൽ 29ഉം കുട്ടികൾ പഠിക്കുന്നു. 1മുതൽ 7വരെ ക്ലാസുകളിൽ [illegible] അധ്യാപകർ ജോലി ചെയ്യുന്നു. കൂടാതെ ഒരു ഓഫീസ് അസിസ്റ്റന്റും , പ്രീപ്രൈമറിയിൽ 3 പേരും സേവനമനുഷ്ഠിക്കുന്നു. കായിക വിദ്യാഭ്യാസത്തിനായി [illegible] നിന്നും നിയോഗിച്ച ഒരു അധ്യാപികയും ആഴ്ചയിൽ 2 ദിവസം ജോലിചെയ്യുന്നു.

ഭൗതിക സൗകര്യങ്ങളുടെ വികസനത്തോടൊപ്പം തന്നെ അക്കാദമിക രംഗത്തും മുന്നേറ്റം നടത്താനുള്ള തീവ്രശ്രമത്തിലാണ് ഈ വിദ്യാലയം. പലകാരണങ്ങളാൽ അക്കാദമിക രംഗത്ത് പലതരം പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. പ്രസ്തുത പ്രശ്നങ്ങളെ സംബന്ധിച്ചുള്ള ഒരു വിശകലനവും പരിഹാരപ്രവർത്തനങ്ങളുടെ ഒരു പാക്കേജുമാണ് ഈ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വിദ്യാലയത്തിന്റെ അക്കാദമിക മുന്നേറ്റത്തിന് ഈ പായ്ക്കേജ് സഹായകമാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

## 2. വിദ്യാലയ ചരിത്രം

1921ലെ മലബാർ കലാപത്തിന് ശേഷമാണ് മാപ്പിള സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ബ്രിട്ടീഷ് ഗവൺമെന്റ് തയ്യാറാക്കിയത്. പള്ളികളോട് ചേർന്ന് പ്രവർത്തിച്ചിരുന്ന ഓത്ത് പള്ളിക്കൂടങ്ങളെ മാപ്പിള സ്കൂളുകളാക്കി ഉയർത്തിയാണ് ഈ പരിപാടി നടപ്പിൽ വരുത്തിയത്. അന്നത്തെ മദിരാശി വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ പശ്ചിമതീര ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ട് കോയമ്പത്തൂർ ആസ്ഥാനമാക്കി ഒരു വിദ്യാഭ്യാസ ഡിവിഷൻ രൂപീകരിച്ചു. അതിന്റെ കീഴിൽ മലബാറിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർമാരുടെ കീഴിൽ മാപ്പിള റേഞ്ചുകൾ സ്ഥാപിച്ചു.

മലബാർ റെയ്ഞ്ച് ഡെപ്യൂട്ടി ഇൻസ്പെക്ടറായിരുന്ന ഗഫൂർ സാഹിബ് മുയിപ്പോത്ത് പാറക്കൂൽ പള്ളി കാരണവരായിരുന്ന പെരുവന മായൻകുട്ടി എന്നയാളെ സമീപിച്ച് പള്ളിയോടനുബന്ധിച്ച് നടന്നിരുന്ന ഓത്തുപള്ളിക്കൂടത്തെ **'മാപ്പിള സ്കൂളാക്കാൻ'** ആവശ്യപ്പെടുകയും അദ്ദേഹത്തിന്റെ മകൻ പെരുവന സൂപ്പി എന്നിവരുടെ പേരിൽ സ്കൂൾ അനുവദിക്കുകയും ചെയ്തു. അങ്ങനെ മുയിപ്പോത്തിന്റെ വികസന പാതയിൽ ഒരു നാഴികക്കല്ലായിമാറിയ മുയിപ്പോത്ത് മാപ്പിള യു.പി.സ്കൂൾ എന്ന മഹത്തായ സ്ഥാപനം പിറവി കൊണ്ടു.

പള്ളിയോട് ചേർന്ന് പ്രവർത്തിച്ച്കൊണ്ടിരുന്ന സ്ഥാപനം പിന്നീട് കോഴേരി പറമ്പിലേക്കും തുടർന്ന് പെരുവന പറമ്പിലേക്കും മാറി. അംഗീകാരം കിട്ടിയിരുന്നില്ല. ഊട്ടുപുറത്ത് കുന്നിയിൽ സി.കെ.ഉണ്ണിനായരുടെ പങ്കാളിത്തത്തോടെ 50 കുട്ടികൾക്ക് സൗകര്യമുള്ള ഒരു കെട്ടിടം മൺകട്ട ഉപയോഗിച്ച് നിർമ്മിക്കുകയും 1928ൽ ഒന്നും രണ്ടും ക്ലാസുകൾക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു (നമ്പർ 288(4)). അന്ന് മുതൽ മാനേജ്മെന്റ് പെരുവന സൂപ്പി, സി.കെ.ഉണ്ണിനായർ എന്നിവരുടെ പേരിലാവുകയും ചെയ്തു.

ഒന്നിലധികം വ്യക്തികൾ മാനേജ്മെന്റ് കൈകാര്യം ചെയ്യുവാൻ പാടില്ല എന്ന 1940ലെ ഉത്തരവ് പ്രകാരം ഉണ്ണിനായർ മാനേജ്മെന്റിൽ നിന്ന് ഒഴിവാകുകയും പെരുവനസൂപ്പി മാനേജരാവുകയും ചെയ്തു. ഇദ്ദേഹം 1961വരെ സ്കൂളിലെ ഒരു അദ്ധ്യാപകൻ കൂടിയായിരുന്നു. ശ്രീ പാറത്തൊടി കണാരൻനമ്പ്യാർ, തൊടുവയിൽ ശങ്കരൻ നമ്പ്യാർ തുടങ്ങിയവരായിരുന്നു അന്നത്തെ മറ്റ് അദ്ധ്യാപകർ. ഓത്ത് പഠിപ്പിച്ചിരുന്നത് പുതിയോട്ടുംകണ്ടി പക്കർ മുസ്ല്യാർ ആയിരുന്നു. കിഴിയോട്ടുമ്മൽ, നടമ്മൽപൊയിൽ, തയ്യിൽ മൂസ്സ തുടങ്ങിയവരായിരുന്നു ആദ്യകാല വിദ്യാർത്ഥികൾ. 1937ൽ വി.കെ. രാമൻ ഗുരുക്കളെ പ്രധാനാദ്ധ്യാപകനായി നിയമിച്ചു. ഇദ്ദേഹമാണ് പരിശീലനം നേടിയ ആദ്യ അദ്ധ്യാപകൻ. അതിന് ശേഷം ശ്രീ.കെ.പി.നാരായണൻനായർ, ശ്രീ. എടത്തട്ട് കുഞ്ഞിരാമക്കുറുപ്പ് എന്നിവർ പ്രധാനാദ്ധ്യാപകരായി. 1944ൽ സൂപ്പി മാനേജരുടെ മകൻ ശ്രീ.പി.മായൻകുട്ടി സ്കൂളിൽ അദ്ധ്യാപകനായി ചേരുകയും 1946മുതൽ പ്രധാനാദ്ധ്യാപകനായി മാറുകയും ചെയ്തു. 1980വരെ നീണ്ട 35 വർഷക്കാലം ഇദ്ദേഹമായിരുന്നു പ്രധാനാദ്ധ്യാപകൻ. തുടർന്ന് സർവ്വശ്രീ. കെ.പി.കുഞ്ഞിരാമൻനായർ, സി.രാഘവൻനായർ, എം.ശങ്കരൻനായർ, ടി.കെ.മുകുന്ദൻ, സി.ബാലൻ, ടി.വി.ശ്രീധരൻ, കെ.ഹൈമാവതി തുടങ്ങിയവർ പ്രധാനാദ്ധ്യാപകരായി. ഇപ്പോൾ ശ്രീ.പി.ഹംസ പ്രധാനാദ്ധ്യാപകസ്ഥാനം വഹിക്കുന്നു.

1958 വരെ അഞ്ചാംതരം വരെയുള്ള ക്ലാസുകളുമായാണ് വിദ്യാലയം പ്രവർത്തിച്ചിരുന്നത്. 13-5-1958 മുതൽ 6-ാംതരം നിലവിൽ വന്നു. 59ൽ 7-ാം തരവും 1960ൽ എട്ടാംതരവും തുടങ്ങി. യു.പി.സ്കൂളിൽ നിന്ന് 8-ാം തരം വേർപെടുത്തി ഹൈസ്കൂളിന്റെ ഭാഗമാക്കുക എന്ന നയത്തിന്റെ ഭാഗമായി 1961ൽ എട്ടാംതരം നിർത്തലാക്കി. 1990കളിൽ ഈ വിദ്യാലയത്തിൽ 1 മുതൽ 7 വരെ ക്ലാസുകളിൽ മൊത്തം 24 ഡിവിഷനുകളിലായി 900ത്തിലധികം വിദ്യാർത്ഥികളും 40ഓളം അദ്ധ്യാപകരും ഉണ്ടായിരുന്നു.

എന്നാൽ പുതിയ കാലഘട്ടം ആവശ്യപ്പെടുന്നതിനനുസരിച്ച് ആവശ്യമായ ഭൗതിക സൗകര്യങ്ങളൊരുക്കാൻ നമുക്ക് കഴിഞ്ഞില്ല. സമീപ പ്രദേശങ്ങളിൽ മികച്ച ഭൗതിക സൗകര്യങ്ങളുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉയർന്നത് കൊണ്ടും മറ്റ് കാരണങ്ങളാലും സ്കൂളിലെത്തുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞ് വരാൻ തുടങ്ങി എന്നത് ഒരു യാഥാർത്ഥ്യമാണ്.

1983ൽ ശ്രീ. സൂപ്പി മാനേജരുടെ നിര്യാണത്തെതുടർന്ന് പി.മായൻകുട്ടി മാസ്റ്റർ മാനേജരായി. 2016ൽ അദ്ദേഹത്തിന്റെ മകൻ എ.അബ്ദുറഹിമാൻ മാനേജരായി നിയമിതനായി. തന്റെ വിദ്യാലയത്തെ മികച്ച സ്ഥാപനമാക്കി മാറ്റണമെന്ന വ്യക്തമായ കാഴ്ചപ്പാടോടുകൂടി അദ്ദേഹം സ്കൂളിന്റെ വികസന പരിപാടികൾക്ക് തുടക്കം കുറിച്ചു. മുറ്റമിന്റർലോക്ക് ചെയ്ത് സുരക്ഷിതമാക്കി. പുതിയ കെട്ടിടത്തിന്റെ പണിക്ക് തുടക്കം കുറിച്ചു. സ്കൂളിന് സ്വന്തമായി നീന്തൽക്കുളം പണികഴിപ്പിച്ചു. വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനിടയിൽ അദ്ദേഹം അകാലത്തിൽ നിര്യാതനായി.

അന്താരാഷ്ട്രതലത്തിലേക്ക് ഈ വിദ്യാലയത്തെ മാറ്റിയെടുക്കുക എന്ന അദ്ദേഹത്തിന്റെ സ്വപ്നം സാക്ഷാത്കരിക്കുന്ന പ്രവർത്തനങ്ങളുമായി അദ്ദേഹത്തിന്റെ മകൾ വിദ്യാലയത്തെ മുന്നോട്ട് നയിക്കുകയാണ്.

**ആമുഖം**

മേലടി ഉപജില്ലയിൽ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനങ്ങളുമായി മുന്നേറുന്ന മുയിപ്പോത്ത് മാപ്പിള യു.പി സ്കൂൾ 2023 – 24 വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ ഏറെ പുതുമകളോടെ സമർപ്പിക്കുകയാണ്. ഈ അവസരത്തിൽ വിദ്യാർത്ഥികളുടെ വ്യത്യസ്തമായ കഴിവുകളും അഭിരുചികളും കണ്ടെത്തി സഹൃദയം അവരെ മുന്നോട്ട് നയിക്കാനുള്ള തീവ്രമായ പരിശ്രമങ്ങൾ ഇവിടെ വ്യത്യസ്ത തലങ്ങളിലായി നടത്താനുള്ള ശ്രമങ്ങളാണ് ഇവിടെ ഉൾച്ചേർത്തിരിക്കുന്നത്.

മുയിപ്പോത്ത് ടൗണിന്റെ ഹൃദയഭാഗത്ത് പേരാമ്പ്ര ചാനിയംകടവ് റോഡിന്റെ ഇരുവശങ്ങളിലായാണ് മുയിപ്പോത്ത് മാപ്പിള യു.പി സ്കൂൾ പ്രവർത്തിക്കുന്നത്. 1 മുതൽ 7 വരെ ക്ലാസുകൾ ഒരു വശത്തും പ്രീ പ്രൈമറി മറുവശത്തുമായാണ് നമ്മുടെ സ്കൂൾ പ്രവർത്തിച്ചുവരുന്നത്. സ്മാർട്ട് ക്ലാസ് റൂം, പുതിയ കെട്ടിടങ്ങൾ, കമ്പ്യൂട്ടർ റൂം എന്നിവ ഇവിടെ ഉണ്ട്.

**അവസ്ഥാവിശകലനം**

ഒരു വിദ്യാലയത്തിൽ ഫലപ്രദമായ പ്രവർത്തനം അതിന്റെ ഭൗതിക സാഹചര്യങ്ങൾ, സമ്പത്ത്, മനുഷ്യവിഭവ ശേഷി എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

**സ്ഥലലഭ്യത**

സ്കൂളിൽ മാനേജറായിരുന്ന യശശരീരനായ പെരുമന സൂപ്പി മാനേജരിൽ നിന്ന് പി. മായൻകുട്ടി മാസ്റ്റർക്ക് കൈമാറിയപ്പോൾ ലഭിച്ച സ്ഥലം ഏകദേശം 80 സെന്റായിരുന്നു. പിന്നീട് ശ്രീ മായൻകുട്ടി മാസ്റ്റർ കുറച്ച് കൂടി സ്ഥലം വാങ്ങി. ഇപ്പോൾ ഒരേക്കറിന് അടുത്ത സ്ഥലം ലഭ്യമായിട്ടുണ്ട്. പേരാമ്പ്ര ചാനിയംകടവ് റോഡിന്റെ ഇരുവശങ്ങളിലുമായാണ് സ്ഥലത്തിന്റെ കിടപ്പ്. മുൻഭാഗത്ത് പഴയ രണ്ട് കെട്ടിടങ്ങളും, താഴെ ഒരു രണ്ടു നില പുതിയ കെട്ടിടവും, പുതിയ ഒരു മൂന്ന് നില കെട്ടിടവും ഉണ്ട്. വിശാലമായ സ്കൂൾ ഗ്രൗണ്ട് ഉണ്ട്, പഴയ ഒരു നില ബിൽഡിങ്ങും ഉണ്ട്.

| ക്ലാസ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ കുട്ടികൾ |
|---|---|---|---|
| 1 | 22 | 14 | 36 |
| 2 | 21 | 16 | 37 |
| 3 | 22 | 11 | 33 |
| 4 | 14 | 20 | 34 |
| 5 | 47 | 50 | 97 |
| 6 | 52 | 33 | 85 |
| 7 | 26 | 51 | 77 |
| ആകെ | 204 | 195 | 399 |

**അധ്യാപകർ**

വിദ്യാലയത്തിൽ ആകെ 20 അധ്യാപകരും ഒരു ഓഫീസ് അസിസ്റ്റന്റും ഉണ്ട്

# അധ്യാപകർ

വിദ്യാലയത്തിൽ ആകെ 20 അധ്യാപകരും ഒരു ഓഫീസിൽ അസ്സിസ്റ്റന്റും ഉണ്ട്. അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു

| | |
|---|---|
| പ്രധാന അധ്യാപകൻ | 1 |
| യു പി എസ് എ | 8 |
| എൽ പി എസ് എ | 6 |
| ഹിന്ദി | 1 |
| അറബിക് | 1 |
| സംസ്കൃതം | 1 |
| ഉറുദു | 1 |
| ഡ്രോയിങ് | 1 |
| ആകെ | 20 |

വിദ്യാലയത്തിൽ ഇപ്പോൾ 20 അധ്യാപകർ ജോലി ചെയ്യുന്നു. ഒരു ഓഫീസിൽ അസ്സിസ്റ്റന്റും ജോലി ചെയ്യുന്നുണ്ട്. അധ്യാപകരിൽ 10 പേർ പുരുഷന്മാരും 10 പേർ സ്ത്രീകളുമാണ്

4) ആകെ 5 കെട്ടിടങ്ങളാണ് ഉള്ളത്. ഇതിൽ മികച്ചതായി 3 കെട്ടിടങ്ങളും മേജർ റിപ്പയർ ആവശ്യമായ 2 കെട്ടിടങ്ങളും ഉണ്ട്. പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ മുകൾ നില പ്രവർത്തന സജ്ജമായാൽ സ്ഥലപരിമിതി പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാനാകും

5) കലാ-കായിക പ്രവൃത്തി പരിചയ പഠനം സ്കൂളിൽ നടക്കുന്നുണ്ട്. ഈ മേഖലയിൽ പഠനം മികവുറ്റതാക്കുവാൻ നിരവധി സാമഗ്രികൾ ആവശ്യമാണ്.

6) കുട്ടികൾക്ക് ബെഞ്ച്-ഡസ്ക് എന്നീ ഇരിപ്പിട സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. പുതുതായി 25-ഓളം ബെഞ്ചും ഡസ്കും സ്കൂളിൽ മാനേജ്മെന്റ് വാങ്ങിയിട്ടുണ്ട്. ബാക്കിയുള്ളവ ആവശ്യാനുസരണം റിപ്പയർ ചെയ്ത് ഉപയോഗിക്കുന്നതിനാൽ ഫർണിച്ചർ പര്യാപ്തമാണ്.

7) മികച്ച ഓഫീസറൂം, സ്റ്റാഫ്റൂം, അടുക്കള, സ്റ്റോർറൂം എന്നിവ സ്കൂളിലുണ്ടെങ്കിലും ലൈബ്രറി, റീഡിംഗ്റൂം, വിവിധ ലാബുകൾ എന്നിവ വിപുലീകരിക്കേണ്ടതുണ്ട്. നിലവിലുള്ള ഒരു അധ്യാപികയ്ക്ക് ലൈബ്രറിയുടെ അധിക ചുമതല നൽകി ലൈബ്രറി വിതരണം കാര്യക്ഷമമാക്കുന്നുണ്ടെങ്കിലും ലൈബ്രറിമുറി പ്രത്യേകം ഇല്ലാത്തതിനാൽ പ്രയാസം സൃഷ്ടിക്കുന്നുണ്ട്.

8) കുട്ടികളുടെ പൊതുവിജ്ഞാനം വർധിപ്പിക്കുന്നതിന്റെയും വായനാശീലം വളർത്തുന്നതിന്റെയും ഭാഗമായി നിരവധി പത്രമാധ്യമങ്ങൾ സ്കൂളിൽ നിലവിൽ ലഭിച്ചു വരുന്നുണ്ട്. സർവ്വ വിജ്ഞാന കോശങ്ങളും വിശ്വസാഹിത്യ വിജ്ഞാനകോശങ്ങളും നിഘണ്ടുവുമുൾപ്പെടെ ഏതാണ്ട് ആയിരത്തോളം പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിലുണ്ട്.

9) പുതിയ കെട്ടിടത്തിന്റെ രണ്ടാമത്തെ നിലയിൽ വിപുലമായ രീതിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്. 17 കമ്പ്യൂട്ടറുകൾ പ്രവർത്തിക്കാനാവശ്യമായതാണ് റൂമെങ്കിലും നിലവിൽ സ്മാർട്ട് ക്ലാസ്റൂമിൽ മാത്രമേ കമ്പ്യൂട്ടർ സൗകര്യമുള്ളൂ. ഓരോ ക്ലാസ് റൂമിലും കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യങ്ങൾ ലഭ്യമാവേണ്ടതുണ്ട്.

10) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ശുചിമുറിയുണ്ടെങ്കിലും എണ്ണം അപര്യാപ്തമാണ്. (ആകെ കുട്ടികൾ 29)?

| ക്രമനമ്പർ | വിഭാഗം | പ്രീ-പ്രൈമറി | |
|---|---|---|---|
| 1. | ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും | 2 | |
| 2. | എൽ.പി, യു.പി ആൺകുട്ടികൾക്ക് | | 2 |
| 3. | ഭിന്നശേഷിക്കാർക്ക് | ഇല്ല | ഇല്ല |
| 4. | L.P, U.P പെൺകുട്ടികൾക്ക് | 5 | |
| 5. | ജീവനക്കാർക്ക് പ്രത്യേകശുചിമുറി | 1 | 2 |

പഠിതാക്കളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്‌ലറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. ഒരു മിണർ മാത്രമാണ്. ഉള്ളത്.

11) ജലലഭ്യത - സ്കൂളിൽ ഒരു കിണർ മാത്രമാണ് ഉള്ളത്. വലിയ കിണർ ആയതിനാൽ വെള്ളം വറ്റാറില്ല.

1) കുടിവെള്ളം സൗകര്യം-ടാപ്പ്- 30 എണ്ണം

2). കുടിവെള്ള സ്രോതസ്സ്- കിണർ/പൈപ്പ് വെള്ളം

12) ജലശുദ്ധീകരണ പരിപാടി

ജലശുദ്ധീകരണത്തിനായി നിശ്ചിത ഇടവേളകളിൽ കിണറിൽ ക്ലോറിനേഷൻ നടത്തുന്നു. വിദ്യാലയങ്ങളിൽ കുട്ടികൾക്ക് തിളപ്പിച്ചാറിയ വെള്ളമാണ് ലഭ്യമാക്കുന്നത്.

കെട്ടിടത്തിനുമുകളിൽ ജലം സംഭരിക്കുന്നതിന് വേണ്ടി 2000 ലിറ്ററിന്റെ ടാങ്ക് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അടുക്കളയുടെ മുകളിൽ1000 ലിറ്ററിന്റെ ഒരു ടാങ്കുമുണ്ട്

13) യൂനിഫോം

ബുധനാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ സ്കൂളിൽ യൂനിഫോം നിർബന്ധമാണ്. പെൺകുട്ടികൾക്ക് നീല ഓവർകോട്ട്, ആൺകുട്ടികൾക്ക് ബെൽറ്റ്, എന്നിവയും എല്ലാ വിദ്യാർത്ഥികൾക്കും ID കാർഡും ഷൂസും ഏർപ്പെടുത്തിയിട്ടുണ്ട്.

14) ഉച്ചഭക്ഷണം

ഉച്ചഭക്ഷണം പാകം ചെയ്യാൻ ആധുനിക രീതിയിലുള്ള അടുക്കള സജ്ജീകരിച്ചിട്ടുണ്ട്. ഭക്ഷണം കൃത്യമായിത്തന്നെ പാകം ചെയ്തു നൽകുന്നു. വൈവിധ്യമാർന്ന വിഭവങ്ങൾ ഓരോ ദിവസവും നൽകാറുണ്ട്. ഉച്ചഭക്ഷണം കുട്ടികൾ ക്ലാസ്മുറിയിലിരുന്നാണ് കഴിക്കുക. മൂന്നു കൗണ്ടറുകളിലായി വൃത്തിയായും അച്ചടക്കത്തോടുകൂടിയും ഭക്ഷണ വിതരണം നടത്തുന്നു.

15) വൈദ്യുതീകരണം

വിദ്യാലയത്തിൽ എല്ലാ ക്ലാസുകളിലും വൈദ്യുതി ഉണ്ട്. ഫാൻ, ലൈറ്റ് എന്നിവ എല്ലാ ക്ലാസ്മുറികളിലും കൂടാതെ എല്ലാ ക്ലാസ് മുറികളിലെയും നി ലം ടൈൽ പാകിയിട്ടുണ്ട്.

16) ജൈവ വൈവിധ്യ പാർക്ക്

ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം തുടങ്ങിയിട്ടുണ്ടെങ്കിലും പൂർത്തിയായിട്ടില്ല. സ്കൂൾ കോമ്പൗണ്ടിൽ തന്നെ വാഴ, പച്ചക്കറികൾ തുടങ്ങിയവ കൃഷി ചെയ്തു വരുന്നു.

17) നീന്തൽക്കുളം

ആധുനിക രീതിയിലുള്ള നീന്തൽക്കുളം സ്കൂളിന്റെ ആകർഷണമാണ്. 20 മീറ്റർ നീളവും 10 മീറ്റർ വീതിയുമുള്ള കുളം കുട്ടികൾക്ക് നീന്തൽ പരിശീലനം നടത്തുന്നതിന് ഉത്തമമാണ്. പക്ഷെ ജലലഭ്യതയുടെ അഭാവംമൂലം മഴക്കാലത്ത് മാത്രമേ നീന്തലിൽ പരിശീലനം നടത്താൻ സാധിക്കുന്നുള്ളു

# നിലനിൽക്കുന്ന പ്രശ്നങ്ങൾ

അക്കാദമികം

- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ നേടാൻ കഴിയുന്നില്ല.
- എല്ലാ വിഷയങ്ങളിലും അടിസ്ഥാന ശേഷി നേടാതെയാണ് 25% കുട്ടികൾ 3 മുതൽ 7 വരെ ക്ലാസുകളിൽ എത്തുന്നത്.
- ഒന്നാം ക്ലാസിൽ നേടേണ്ട/നേടിയ എല്ലാ ശേഷികളും രണ്ടാം ക്ലാസിൽ നിലനിൽക്കുന്നില്ല.
- പിന്നോക്കക്കാരെ പ്രത്യേകമായി പരിശീലിപ്പിക്കുന്നതിന് രാവിലെയും വൈകുന്നേരവുമുള്ള അധികസമയം ഉറപ്പാക്കാൻ കഴിയുന്നില്ല.
- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങൾ, ഐ.സി.ടി. സാദ്ധ്യതകൾ എന്നിവ
- കുട്ടികളിൽ വായനാശീലം വളരെ കുറവാണ്.
- സർഗാത്മക പ്രവർത്തനങ്ങൾക്ക് പഠനപ്രക്രിയയിൽ ആവശ്യമായ ഇടം ലഭിക്കുന്നില്ല.
- ഹോം വർക്കുകൾ, അസൈൻമെന്റുകൾ.. തുടങ്ങിയവ എല്ലാ കുട്ടികളും
- കുട്ടികൾക്ക് ആവശ്യത്തിന് വായനാസാമഗ്രികൾ ലഭ്യമാകുന്നില്ല.
- ഭിന്നശേഷിക്കാർക്കും പഠനവൈകല്യമുള്ളവർക്കും ആവശ്യമായ റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ലഭിക്കുന്നില്ല.
- കലാ-സാംസ്കാരിക പരിപാടികളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നില്ല.

### ഭൗതികം

- പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായ ഐ.സി.ടി സൗകര്യമുള്ള ക്ലാസ് റൂമുകൾ കുറവാണ്.
- ആധുനികമായി സജ്ജീകരിച്ച സയൻസ് ലൈബ്രറി, ലബോറട്ടറി, ഐ.ടി.ലാബ്, ലാംഗ്വേജ് ലാബ് എന്നിവയുടെ അഭാവം.
- വളരെ നേരത്തെ കുട്ടികൾ വീട്ടിൽ നിന്നും പുറപ്പെടുകയും വൈകിയെത്തുകയും ചെയ്യുന്നു
- കലാകായിക പ്രവർത്തനങ്ങൾക്ക് മതിയായ സൗകര്യം ഇല്ല
- പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനാവശ്യമായ ഫണ്ട് ലഭ്യമാകുന്നില്ല.

### സാമൂഹികം

- വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നില്ല
- സി.പി.ടി.എയിൽ 100% ഹാജർ ഉറപ്പാക്കാൻ കഴിയുന്നില്ല
- പ്രാദേശിക വിഭവങ്ങൾ വേണ്ടത് പോലെ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
- ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ സമൂഹത്തിന്റെ ഇടപെടൽ സാധ്യമാകുന്നില്ല.
- കുട്ടികളുടെ ഹാജർ ഉറപ്പാക്കുന്നതിൽ ചില രക്ഷിതാക്കൾ ശ്രദ്ധകാണിക്കുന്നില്ല

## വിദ്യാലയവികസനം - കാഴ്ചപ്പാട്

* പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പ്രത്യേക പ്രവർത്തനപാക്കേജിലൂടെ ഉയർത്തിക്കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുക.
* കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗ്ഗാത്മകവുമായ പാരമ്പര്യം കാത്തു സൂക്ഷിക്കാനും അതിനോടൊപ്പം മുന്നേറി ഉൽപാദനപരമായി പ്രവർത്തിക്കുന്ന ഒരു സമൂഹ സൃഷ്ടിക്കും ഉതകും വിധം എല്ലാ കുട്ടികൾക്കും ശേഷികളുമാർജ്ജിക്കാൻ അവസരമൊരുക്കാൻ കഴിയുക.
* 1 - 7വരെ ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.
* 10 വർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ വികസന പദ്ധതി തയ്യാറാക്കാനും വിവിധ മേഖലകളിൽ നിന്ന് എം.എൽ.എ, എം.പി, ത്രിതല പഞ്ചായത്ത്, വ്യവസായികൾ, എൻ.ആർ.ഐ., പൂർവ്വ വിദ്യാർത്ഥികൾ വിഭവസമാഹരണം നടത്തി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കുക.
* 1 മുതൽ 7 വരെ ക്ലാസിലെ എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും ശേഷിയും നൈപുണിയും മനോഭാവവും മൂല്യങ്ങളും അന്താരാഷ്ട്രനിലവാരത്തോട് കിടപിടിക്കുംവിധം ആർജ്ജിക്കാനവസരമൊരുക്കുക.
* വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.
* വിദഗ്ധരായ അധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതോടൊപ്പം വിദ്യാലയത്തിലെ ഓരോ അധ്യാപകന്റെയും അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുക.
* പഠനവും ബോധനവും ആസ്വാദ്യകരമായ അനുഭവമാക്കി മാറ്റുക.
* കുട്ടികളുടെ സർഗ്ഗപ്രക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് നൂതനവും സർഗ്ഗാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുക.
* കുട്ടിയുടെ പഠനവേഗത, പഠനശൈലി എന്നിവ പരിഗണിക്കുന്ന പഠനപ്രക്രിയ സാധ്യമാക്കുക.
* സ്വയംപഠനം സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായകരമായ ഭൗതിക സാഹചര്യങ്ങളും ലൈബ്രറി, ലാബ് പോലെയുള്ള സംവിധാനങ്ങളും സ്ഥാപനവൽക്കരിക്കുക.
* സമ്പൂർണ്ണ ശുചിത്വം, പ്ലാസ്റ്റിക്, കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.
* 'പ്രകൃതി തന്നെ പാഠപുസ്തകം' എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.
* കുട്ടികളുടെ മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ തത്സമയം പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ വിദ്യാലയത്തിൽ തന്നെ ഉറപ്പാക്കുക.
* വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.
* പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കി പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കുക.
* പഠനത്തിൽ മികവു പുലർത്തുന്നവർക്ക് പ്രത്യേക പോഷണ പരിപാടികൾ ഏർപ്പെടുത്തി ഉന്നതസ്ഥാനങ്ങളിലെത്തുന്നതിന് സഹായിക്കുക.
* കലാ-കായിക രംഗങ്ങളിൽ മികവു പുലർത്താൻ അവസരം ഒരുക്കുക.

- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുകയും മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുകയും ചെയ്യും.
- ICT അധിഷ്ഠിത പഠനം ഉറപ്പാക്കാൻ കഴിയുന്ന രീതിയിൽ അധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകും.
- കുട്ടികൾക്ക് സുരക്ഷാബോധവൽക്കരണം നടത്തും.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തും.
- പ്ലാസ്റ്റിക് മുക്ത-കീടനാശിനിമുക്ത ലഹരിമുക്ത ക്യാമ്പസ്സുകൾ സൃഷ്ടിക്കും.
- 'ക്യാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് 'ജൈവവൈവിധ്യ ഉദ്യാനം' എന്ന ആശയം സ്കൂളിൽ നടപ്പാക്കും.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.
- വിദ്യാഭ്യാസത്തിന്റെ ജനകീയവൽക്കരണം അർത്ഥപൂർണ്ണമാക്കും.
- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുകയും പ്രാദേശിക വിഭവസാധ്യതകൾ പ്രയോജനപ്പെടുത്തുകയും ചെയ്യും.
- സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചക്ക് ഉതകുന്നവിധം പ്രയോജനപ്പെടുത്തും.
- പഠനത്തിൽ മികവുപുലർത്തുന്ന കുട്ടികൾക്കായി ഡിപ്പാർട്ട്മെന്റ് നടത്തുന്ന മത്സര പരീക്ഷകൾക്ക് (LSS, USS, NUMATS) വേണ്ടി പ്രത്യേക പരിശീലനപാക്കേജ് ഏർപ്പെടുത്തും.
- 'മെന്റർ' എന്ന നിലയിൽ അധ്യാപകന്റെ സഹായവും ഇടപെടലുകളും ഓരോ കുട്ടിക്കും ലഭ്യമാകുന്ന രീതിയിൽ പ്രവർത്തന പദ്ധതികൾ നടപ്പാക്കും.
- രക്ഷിതാക്കളെ വിദ്യാലയവുമായി അടുപ്പിക്കുന്ന രീതിയിൽ സ്ഥിരമായ ബോധവൽക്കരണം സംഘടിപ്പിക്കും.
- സ്കൂൾ ലൈബ്രറി അമ്മമാർക്ക്കൂടി പ്രയോജനപ്പെടുത്താവുന്ന രീതിയിൽ പുനഃസംഘടിപ്പിക്കും.
- നിരപ്പം സ്പോർട്സ് അക്കാദമിയുമായി സഹകരിച്ച് സ്ഥിരമായ കായികപരിശീലന പദ്ധതികൾ ആവിഷ്കരിക്കും.
- പ്രദേശത്തെ വ്യക്തികൾ, സംഘടനകൾ എന്നിവയുമായി സഹകരിച്ച് സാമ്പത്തിക പിന്നാക്കാവസ്ഥയുള്ള കുട്ടികൾക്ക് വീടുകളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്യും.
- നാടിന്റെ സാംസ്കാരികത്തനിമയും കാർഷിക സംസ്കാരവും പഠിക്കുന്നതിന് കുട്ടികൾക്ക് വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കും.
- നൂതനമായ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പൂർവ്വവിദ്യാർത്ഥികളിൽനിന്ന് എന്റെ വിദ്യാലയത്തിന് എന്റെ വക എന്ന പദ്ധതിയിലൂടെ ധനസമാഹരണം നടത്തും.
- ആരോഗ്യശുചിത്വസംരക്ഷണമേഖലകളിൽ പുതിയ പരിപാടികൾ നടപ്പിലാക്കും.
- കുട്ടികളുടെ സർഗവാസനകൾ പ്രോത്സാഹിപ്പിക്കാനുതകുന്ന രീതിയിൽ വിവിധ പരിപാടി കൾ സംഘടിപ്പിക്കും.

## 7(1) മലയാളം

ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും സ്വായത്തമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- എല്ലാവരെയും മികച്ച വായനക്കാരനാക്കുക.
- വായനയുടെ വിവിധതലങ്ങൾ എല്ലാകുട്ടികൾക്കും പരിചയപ്പെടുത്തുക.
- പൊതുവേദികളിലും മറ്റും സംസാരിക്കുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ദ്ധ്യം നേടുക.
- വായനാസാമഗ്രികൾ കണ്ടെത്തുകയും വികസിപ്പിക്കുകയും ചെയ്യുക.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യതകൾ കണ്ടെത്തുക.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.
- ക്ലാസ് ലൈബ്രറിയും സ്കൂൾ ലൈബ്രറിയും മെച്ചപ്പെടുത്തുക
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുക.
- സാഹിത്യകാരന്മാരെയും അവരുടെ രചനകളെയും അടുത്തറിയുക.
- സർഗ്ഗാത്മക രചനകൾ നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
- എല്ലാവരും സ്ഥിരമായി പത്രങ്ങളും ആനുകാലികങ്ങളും വായിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ തുടങ്ങിയവയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യതകൾ വികസിപ്പിക്കുക.
- പുസ്തകങ്ങളുമായി ബന്ധപ്പെടാൻ കൂടുതൽ അവസരം നൽകുക
- സ്കൂൾ ലൈബ്രറി അമ്മമാർക്ക് കൂടി പ്രയോജനപ്പെടുത്തുക.

പ്രശ്നങ്ങൾ

- 3 മുതൽ 7 വരെ ക്ലാസിൽ 60% കുട്ടികൾ അക്ഷരം ഉറയ്ക്കാത്തവരാണ്
- പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന എല്ലാശേഷികളും പൂർണ്ണമായി നേടാൻ 40% പേർക്കും കഴിയുന്നില്ല
- വായനാശീലം കുറവാണ്.
- സർഗ്ഗാത്മക രചനകൾക്ക് വേണ്ടത്ര സമയവും പ്രോത്സാഹനവും ലഭിക്കുന്നില്ല.
- സ്കൂൾ ലൈബ്രറി പര്യാപ്തമല്ല
- ക്ലാസ് ലൈബ്രറി സംവിധാനം ഇല്ല
- പത്രങ്ങളും ആനുകാലികങ്ങളും വായിക്കുന്ന ശീലം 80% പേർക്കുമില്ല
- പൊതുവേദികളിലും മറ്റും സംസാരിക്കാൻ അധിക പേർക്കും കഴിവില്ല.
- ആസ്വാദ്യകരമായ വായന നടക്കുന്നില്ല.
- സാഹിത്യശാഖകളെ കുറിച്ചുള്ള ധാരണ കുറവാണ്
- സാഹിത്യകാരന്മാർ, അവരുടെ രചനകൾ എന്നിവയെകുറിച്ച് ധാരണ കുറവാണ്.
- മാഗസിൻ നിർമ്മാണത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല
- ICT സാധ്യതകൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.
- ദിനാചരണങ്ങൾ, ഭാഷാശേഷി വികസനത്തിന് ഗുണകരമായ രീതിയിലേക്ക് മാറ്റാൻ കഴിയുന്നില്ല.
- നല്ലൊരു വിഭാഗം അമ്മമാർക്ക് വായനാശീലം ഇല്ല

## അക്കാദമിക് പ്ലാൻ (എൽ.പി, യു.പി. വിഭാഗം)

| | പരിപാടി | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രി-ടെസ്റ്റ്<br>• നിർണയം<br>• വിലയിരുത്തൽ<br>• അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷരകാർഡുകൾ നൽകൽ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമ്മിക്കൽ<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>• അടിക്കുറിപ്പ്<br>• ചിത്രത്തിൽ നിന്ന് കഥപറയൽ<br>• കഥയെഴുതൽ<br>• കഥയുടെ ബാക്കി എഴുതൽ<br>• സി.ഡി യിൽ നിന്ന് ചിത്രങ്ങൾ നോക്കി വാക്യങ്ങൾ എഴുതൽ | 3 മാസം (ജൂൺ മുതൽ ആഗസ്റ്റ്) വരെ | പുസ്തകങ്ങൾ<br>സി.ഡി | പി.ടി.എ<br>വിദ്യാലയ വികസന സമിതി<br>ബി.ആർ.സി |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | • ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>• ക്ലാസ് ലൈബ്രറി<br>• വായനാമൂല<br>• സമീപ ഗ്രന്ഥശാല അംഗത്വം<br>• വായനോത്സവം<br>• പുസ്തക ചർച്ച<br>• വായനാനുഭവം പങ്കുവെക്കൽ<br>• വായനാക്കുറിപ്പ്<br>• ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>• ആസ്വാദ്യകരമായ വായന<br>• വായനാമത്സരം<br>• ദിനാചരണങ്ങൾ | 1 Year | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ | ഗ്രന്ഥശാല<br>പി.ടി.എ<br>വിദ്യാലയ വികസന സമിതി<br>ബി.ആർ.സി |

## അക്കാദമിക് പ്ലാൻ (എൽ.പി, യു.പി. വിഭാഗം)

| | പരിപാടി | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3 | സഭാകമ്പമില്ലാതെ സംസാരിക്കാൻ പ്രാപ്തരാക്കൽ **കഥയെഴുത്ത്** | • ചിത്രത്തിന് വിശദീകരണം നൽകൽ<br>• ക്ലാസ് സഭ ക്ലാസ് തല,<br>• സ്കൂൾ തല പ്രസംഗമത്സരങ്ങൾ<br>• അനുഭവങ്ങൾ പങ്ക് വെക്കൽ<br>• ദിനാചരണങ്ങൾ<br>• അവധിക്കാല വിശേഷങ്ങൾ പറയൽ-എഴുതൽ<br>• പുസ്തകം പരിചയപ്പെടൽ | 1 Year | പുസ്തകങ്ങൾ<br>ചിത്രങ്ങൾ | പി.ടി.എ<br>ബി.ആർ.സി |
| 4 | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി വികസനം | • ജന്മദിനത്തിൽ ഒരു പുസ്തകം<br>• പുസ്തക ശേഖരണം<br>• എന്റെ വിദ്യാലയത്തിന് എന്റെ വക ഒരു പുസ്തകം (പൂർവ്വ വിദ്യാർത്ഥികളിൽ നിന്ന്)<br>• ലൈബ്രറിക്കും വായനശാലയ്ക്കും പ്രത്യേകം കെട്ടിടം<br>• ക്ലാസ് ലൈബ്രറിക്ക് അലമാരകൾ (സംഭാവനയായി സ്വീകരിക്കുക)<br>• പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിന് ധനസമാഹരണം | 2 Year | അലമാര<br>വായനാറൂം<br>കെട്ടിടം | വിദ്യാലയ വികസന സമിതി<br>പൂർവ്വ വിദ്യാർത്ഥി സംഘടന<br>ബി.ആർ.സി<br>പഞ്ചായത്ത്<br>മാനേജർ<br>എം.എൽ.എ |

## അക്കാദമിക് പ്ലാൻ (എൽ.പി, യു.പി. വിഭാഗം)

| | പരിപാടി | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 5 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | • എഴുത്ത് കൂട്ടം<br>• ഔട്ട് ഡോർ- പേനാക്യാമ്പ്<br>• പുസ്തക നിരൂപണം<br>• പതിപ്പ് തയ്യാറാക്കൽ<br>• ഇൻലന്റ് മാഗസിൻ<br>• ചുമർ പത്രിക<br>• വ്യക്തിഗത രചന<br>• സംഘരചന<br>• യാത്രാക്കുറിപ്പുകൾ<br>• പത്രവാർത്ത-ഡയറി<br>• അനുഭവക്കുറിപ്പുകൾ<br>• കഥാപൂരണം<br>• വിദ്യാരംഗം സാഹിത്യവേദി പ്രവർത്തനം | 1 Year | ലൈബ്രറി<br>പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br>ഫോട്ടോകൾ | ബി.ആർ.സി<br>DIET<br>പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി |
| 6 | പുസ്തകങ്ങൾ പരിചയപ്പെടൽ<br>സാഹിത്യകാരന്മാരെ അറിയൽ | • പുസ്തക പ്രദർശനവും വിൽപ്പനയും<br>• പുസ്തകങ്ങളും സാഹിത്യകാരന്മാരും- പതിപ്പ്<br>• സാഹിത്യകാരന്മാരുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ<br>• പ്രഭാഷണ പരിപാടികൾ<br>• പുസ്തകം പരിചയപ്പെടുത്തൽ<br>• സാഹിത്യകാരന്മാരുടെ ഫോട്ടോ കൊണ്ട് സ്കൂൾ ചുമരുകൾ അലങ്കരിക്കൽ, ആൽബം<br>• സാഹിത്യകാരന്മാരുമായി അഭിമുഖം | 1 Month<br>6 Month | ഫോട്ടോകൾ<br>പുസ്തകങ്ങൾ<br>ജീവചരിത്രങ്ങൾ | PTA<br>പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതി |

| | അക്കാദമിക് പ്ലാൻ (എൽ.പി. യു.പി. വിഭാഗം) | | | | |
|---|---|---|---|---|---|
| | പരിപാടി | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
| 7 | പത്രവായന ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായനാ പ്രോത്സാഹനം | • ഓരോ ക്ലാസിലും ഒരു പത്രം<br>• ഓരോ ക്ലാസിലേക്കും ബാലസാഹിത്യ പ്രസിദ്ധീകരണങ്ങൾ<br>• പത്രവായനാക്വിസ്<br>• പത്രവാർത്താ വായനാ (അസംബ്ലി)<br>• ഏറ്റവും പുതിയ വിവരങ്ങൾ എഴുതിവെക്കൽ<br>• പത്രവാർത്താ ബോർഡ് എഴുതൽ | 1 മാസം<br>1 മാസം<br>ഓരോ മാസവും ആഴ്ചയിൽ 2 ദിവസവും<br>ദിവസവും | പത്രങ്ങൾ<br>പ്രസിദ്ധീകരണങ്ങൾ<br>വാർത്താ ബോർഡ്<br>വായനാറൂം | PTA<br>MPTA<br>വികസന സമിതി<br>ബി.ആർ.സി |
| 8 | ICT സാധ്യതകൾ ഉപയോഗപ്പെടുത്തൽ | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സി.ഡി.കളുടെ ശേഖരണം<br>• വിവിധ പുസ്തകങ്ങളുമായി ബന്ധപ്പെട്ട അനിമേഷൻ സിഡികൾ ശേഖരിക്കൽ<br>• E വായന പ്രോത്സാഹിപ്പിക്കൽ | 1 മാസം<br>1 മാസം<br>ഓരോ മാസവും ആഴ്ചയിൽ 2 ദിവസവും<br>ദിവസവും | സ്മാർട്ട് ക്ലാസ് റൂം പ്രൊജക്ടർ<br>കമ്പ്യൂട്ടർ ടാബ് | PTA<br>MPTA<br>വികസന സമിതി<br>ബി.ആർ.സി |
| 9 | മികച്ച രചനാശേഷിയുള്ളവരുടെ രചനാവൈഭവം പരിപോഷിപ്പിക്കൽ | • പ്രാദേശിക എഴുത്തുകാരുമായി സംവദിക്കാൻ അവസരം<br>• അവരുടെ എഴുത്ത് അനുഭവങ്ങൾ പങ്കുവെക്കൽ<br>• ഔട്ട്ഡോർ രചനാ ക്യാമ്പുകൾ<br>• വായിച്ച പുസ്തകങ്ങളുടെ നാടകാവിഷ്കാരം<br>• സാഹിത്യ സെമിനാറുകളിൽ പങ്കെടുക്കൽ<br>• റേഡിയോ പ്രോഗ്രാമുകൾ തയ്യാറാക്കി അവതരിപ്പിക്കൽ<br>• സ്വന്തം കവിതകൾ, കഥകൾ തുടങ്ങിയവ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കൽ | 1 Year | റേഡിയോ | SRG<br>PTA<br>MPTA<br>പഞ്ചായത്ത് |

## മലയാളം (യു.പി. വിഭാഗം മാത്രം)

| | പരിപാടി | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 10 | നാടൻ കലകൾ, പുരാതന കലകൾ, ക്ഷേത്രകലകൾ തുടങ്ങിയവ പരിചയപ്പെടൽ | • സിഡി പ്രദർശനം<br>• കലാകാരന്മാരെ വിളിച്ച് അവതരിപ്പിക്കൽ<br>• കലാകാരന്മാരുമായി അഭിമുഖം<br>• ഇതുമായി ബന്ധപ്പെട്ട വാദനസാമഗ്രികൾ | 1 Year | സിഡി സ്മാർട്ട് ക്ലാസ് കമ്പ്യൂട്ടർ | PTA<br>വികസന സമിതി |

## പദ്ധതി വിശദാംശങ്ങൾ
## മലയാളം

**പ്രവർത്തനം: 1 ഭാഷയിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ**

| ഉപപ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1 പ്രീടെസ്റ്റ്, നിരന്തര വിലയിരുത്തൽ, ചോദ്യപേപ്പർ തയ്യാറാക്കൽ | പിന്നോക്കക്കാരെ കണ്ടെത്തൽ | ജൂൺ ആദ്യ വാരം | മലയാളം സബ്ജക്റ്റ് കൗൺസിൽ | 500 രൂപ | H M |
| 2 പിന്നോക്കക്കാരുടെ ലിസ്റ്റ് തയ്യാറാക്കൽ ക്ലാസ്തിരിക്കൽ | പിന്നോക്കക്കാരെ കണ്ടെത്തൽ | ജൂൺ 10 ന് മുമ്പ് | മലയാളം സബ്ജക്റ്റ് കൗൺസിൽ | - | H M |
| 3 രക്ഷിതാക്കളുടെ യോഗം | പിന്നോക്കാവസ്ഥയെപ്പറ്റി ബോധവൽക്കരിക്കൽ- പരിഹാര പ്രവർത്തനങ്ങൾ ചർച്ച | ജൂൺ 12 | ക്ലാസ് ടീച്ചർ | - | H M |
| 4 പ്രത്യേക പരിശീലനം | എല്ലാവരെയും എഴുത്തും വായനയും അറിയുന്നവരാക്കൽ | ആഴ്ചയിൽ 3 ദിവസം (ആഗസ്റ്റ് വരെ) | ക്ലാസുകളിലേക്ക് നിയോഗിക്കപ്പെടുന്ന അധ്യാപകർ | - | H M |
| 5 പോസ്റ്റ് ടെസ്റ്റ് | പുരോഗതി അറിയുക | ആഗസ്റ്റ് അവസാനവാരം | സബ്ജക്ട് കൗൺസിൽ | 500 രൂപ | H M |

| പ്രവർത്തനം: 2 കുട്ടിയെ മികച്ച വായനക്കാരനാക്കൽ | | | | | |
|---|---|---|---|---|---|
| ഉപപ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
| 1 വായനാക്കൂട്ടം രൂപീകരണം | വായന പ്രോത്സാഹിപ്പിക്കൽ | ജൂൺ 20 ന് മുമ്പ് | ക്ലാസ് ടീച്ചർ | - | SRG |
| 2 ക്ലാസ് ലൈബ്രറി സെറ്റിംഗ് | വായന പ്രോത്സാഹിപ്പിക്കൽ | 2019 മാർച്ച് 31 ന് മുമ്പ് | പി.ടി.എ | 13 x 2000= 26000 രൂപ | പി.ടി.എ വികസന സമിതി |
| 3 വായനാമൂല, ആനുകാലികങ്ങൾ, പത്രങ്ങൾ | വായന പ്രോത്സാഹിപ്പിക്കൽ | 2018 ജൂൺ 30 ന് മുമ്പ് | ക്ലാസ് ടീച്ചർ | 13 x 250= 3250 രൂപ | H M |
| 4 വായനോത്സവം- വായനാമത്സരം (ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ചവർക്ക്സമ്മാനം പുസ്തക വിശകലനം) അനുഭവം പങ്കുവെക്കൽ | വായന പ്രോത്സാഹിപ്പിക്കൽ | 2018 ജൂൺ 19 മുതൽ 30 വരെ | മലയാളം സബ്ജക്ട് കൗൺസിൽ | - | H M |
| 5 ആസ്വാദനക്കുറിപ്പ്- രചനാമത്സരം | ആസ്വാദ്യകരമായ വായന പ്രോത്സാഹിപ്പിക്കൽ | വർഷത്തിൽ 3 തവണ | സബ്ജക്ട് കൗൺസിൽ | - | SRG |

പ്രവർത്തനം: 3 സഭാകമ്പമില്ലാതെ ആശയസ്ഫുടതയോടെ സംസാരിക്കാൻ പ്രാപ്തരാക്കൽ

| | | | | | |
|---|---|---|---|---|---|
| 1 ചിത്രത്തിന് വിശദീകരണം നൽകൽ | ആശയസ്ഫുടതയോടെ സദസ്സിന് മുമ്പിൽ സംസാരിക്കുക | ആഴ്ചയിൽ ഒരു പ്രാവശ്യം | മലയാളം ടീച്ചർ | - | H M |
| 2 ക്ലാസ് സഭയിൽവിശദീകരണങ്ങൾ നൽകൽ | ആശയസ്ഫുടതയോടെ സദസ്സിന് മുമ്പിൽ സംസാരിക്കുക | ആഴ്ചയിൽ ഒരു പ്രാവശ്യം | ക്ലാസ് ടീച്ചർ | - | ക്ലാസ് ടീച്ചർ |
| 3 ക്ലാസ്തല സ്കൂൾതല പ്രസംഗം മത്സരം | ആശയസ്ഫുടതയോടെ സംസാരിക്കൽ | മാസത്തിൽ ഒരു പ്രാവശ്യം | SRG | - | H M |

| | | | | | |
|---|---|---|---|---|---|
| 4 ദിനാചരണങ്ങൾ (ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുക) | | - | SRG | - | H M |
| 5 അവധിക്കാല വിശേഷങ്ങൾ, പറയൽ, എഴുതൽ, പതിപ്പ് തയ്യാറാക്കൽ | ആശയ സ്പഷ്ടതയോടെ സംസാരിക്കുക, എഴുതുക | ജൂൺ 1 | ക്ലാസ് ടീച്ചർ | 500 രൂപ | H M |
| 6 പുസ്തകങ്ങൾ പരിചയപ്പെടൽ | വായിച്ച പുസ്തകങ്ങൾ പരിചയപ്പെടുത്തൽ കുറിപ്പെഴുതൽ | മാസത്തിൽ ഒരു പ്രാവശ്യം | മലയാളം ടീച്ചർ | | H M |

പ്രവർത്തനം: 4 ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി വികസനം

| | | | | | |
|---|---|---|---|---|---|
| 1 നിലവിലുള്ള പുസ്തകങ്ങളുടെ കണക്കെടുപ്പ്, പുതിയ ലിസ്റ്റ് തയ്യാറാക്കൽ | ലൈബ്രറി വികസനം | 2018 ഏപ്രിൽ 30 നകം | ലൈബ്രറി ചുമതലയുള്ള അധ്യാപിക | – | SRG |
| 2 ആവശ്യമുള്ള പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ | ലൈബ്രറി വികസനം | 2018 മെയ് 15 നകം | സബ്ജക്ട് കൗൺസിൽ പ്രതിനിധികൾ | – | SRG |
| 3 ജന്മദിനത്തിൽ ഒരു പുസ്തകം പരിപാടി | ലൈബ്രറി വികസനം | 2018 ജൂൺ 1 മുതൽ 2019 മാർച്ച് 31 വരെ | ക്ലാസ് ടീച്ചർ | – | SRG |
| 4 പുസ്തക ശേഖരണ മാസം പൊതുജനങ്ങളിൽ നിന്ന് എന്റെ വിദ്യാലയത്തിന് എന്റെ വക ഒരു പുസ്തകം | ലൈബ്രറി വികസനം | 2018 ജൂലായ് 5 മുതൽ ആഗസ്റ്റ് 5 വരെ | PTA SRG | – | H M PTA |

| | | | | | |
|---|---|---|---|---|---|
| 5 ലൈബ്രറിക്ക് പ്രത്യേക കെട്ടിടം ഇരിപ്പിട സൗകര്യങ്ങൾ | ലൈബ്രറി വികസനം വായന പ്രോത്സാഹനം | 2018 ജൂൺ 1 ന് മുമ്പ് | മാനേജർ | Rs: 25000 | PTA |
| 6 പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിന് ധന സമാഹരണം (പൂർവ്വ വിദ്യാർത്ഥികളിൽ നിന്ന്) | ലൈബ്രറി വികസനം വായന പ്രോത്സാഹനം | 2019 മാർച്ച് 31 നകം | PTA SRG | Rs: 75000 | വികസന സമിതി |

പ്രവർത്തനം: 5 കുട്ടിയെ മികച്ച എഴുത്തുകാരനാക്കൽ

| | | | | | |
|---|---|---|---|---|---|
| 1 എഴുത്ത്കൂട്ടം ഔട്ട്ഡോർ രചനാക്യാമ്പ് | എഴുത്തിന്റെ രീതി ശാസ്ത്രം പരിചയപ്പെടൽ | വർഷത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം | 2500 രൂപ | SRG |
| 2 പുസ്തക നിരൂപണം തയ്യാറാക്കൽ ചുമർ പത്രിക | എഴുത്തിനെ പ്രോത്സാഹിപ്പിക്കുക | മാസത്തിൽ ഒരു പ്രാവശ്യം | സബ്ജക്ട് കൗൺസിൽ | - | SRG |
| 3 ക്ലാസ്തല മാഗസിൻ | എഴുത്തിനെ പ്രോത്സാഹിപ്പിക്കുക | ടേമിൽ ഒരു പ്രാവശ്യം | മലയാളം ടീച്ചർ | - | SRG |
| 4 പത്രവാർത്താ ഡയറി | എഴുത്തിനെ പ്രോത്സാഹിപ്പിക്കുക | ദിവസവും | മലയാളം ടീച്ചർ | - | SRG |

പ്രവർത്തനം: 6 പുസ്തകങ്ങൾ പരിചയപ്പെടൽ, സാഹിത്യകാരന്മാരെ അറിയൽ

| | | | | | |
|---|---|---|---|---|---|
| 1 പുസ്തക പ്രദർശനം വിൽപ്പന | പുസ്തകങ്ങൾ പരിചയപ്പെടൽ അവസരം ലഭ്യമാക്കൽ, സാഹിത്യ കാരന്മാരോട് ആദരവുണ്ടാകൽ | ദിനാചരണങ്ങളുടെ ഭാഗം | വിദ്യാരംഗം | - | SRG PTA |
| 2 സാഹിത്യകാരന്മാരും പുസ്തകങ്ങളും പതിപ്പ് | പുസ്തകങ്ങൾ പരിചയപ്പെടൽ അവസരം ലഭ്യമാക്കൽ, സാഹിത്യകാരന്മാരോട് ആദരവുണ്ടാകൽ | 2019 ജനുവരി | വിദ്യാരംഗം | - | SRG PTA |

| | | | | | |
|---|---|---|---|---|---|
| 3 പുസ്തകം പരിചയപ്പെടൽ | പുസ്തകങ്ങൾ പരിചയപ്പെടൽ അവസരം ലഭ്യമാക്കൽ, സാഹിത്യകാരന്മാരോട് ആദരവുണ്ടാക്കൽ | ഒരു ടേമിൽ ഒരു പ്രാവശ്യം | സാമ്പിക്ക് കൗൺസിൽ | - | SRG H M PTA |
| 4 ആൽബം തയ്യാറാക്കൽ (സാഹിത്യകാരന്മാർ) | പുസ്തകങ്ങൾ പരിചയപ്പെടൽ അവസരം ലഭ്യമാക്കൽ, സാഹിത്യകാരന്മാരോട് ആദരവുണ്ടാക്കൽ | വർഷത്തിൽ ഒന്ന് | മലയാളം ടീച്ചർ | - | H M |
| 4 സ്കൂൾ ചുമരിൽ സാഹിത്യകാരന്മാരുടെ ഫോട്ടോ പതിക്കൽ | പുസ്തകങ്ങൾ പരിചയപ്പെടൽ അവസരം ലഭ്യമാക്കൽ, സാഹിത്യകാരന്മാരോട് ആദരവുണ്ടാക്കൽ | 2018 മാർച്ച് 31 ന് മുമ്പ് | S R G PTA | 500 രൂപ | വികസന സമിതി |
| 5 പ്രശസ്ത സാഹിത്യകാരന്മാരെ സംഘടിപ്പിച്ച് സെമിനാർ അഭിമുഖം | സാഹിത്യകാരന്മാരെ പരിചയപ്പെടാൻ അവസരം നൽകൽ | 2019 മാർച്ച് 31 ന് മുമ്പ് ഒരു തവണ | SRG | 2000 രൂപ | PTA |

പ്രവർത്തനം: 7 പത്രവായന, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, വായനാപ്രോത്സാഹനം

| | | | | | |
|---|---|---|---|---|---|
| 1) ഓരോ ക്ലാസിലും ഒരു പത്രം- ബാലസാഹിത്യ പ്രസിദ്ധീകരണങ്ങൾ ആനുകാലികങ്ങൾ | പത്രവായന പ്രോത്സാഹനം | 2018 ഫിബ്രവരി 1 മുതൽ | ക്ലാസ് ടീച്ചർ | - | H M |
| 2) പത്രക്വിസ് | പത്രവായന പ്രോത്സാഹനം | മാസത്തിൽ ആദ്യത്തെ പ്രവൃത്തി ദിനം | ചുമതലയുള്ള 2 അധ്യാപകർ | - | SRG |
| 3) പത്രവായന അസംബ്ലിയിൽ | പത്രവായന പ്രോത്സാഹനം | ആഴ്ചയിൽ 2 ദിവസം | സ്കൂൾ ലീഡർ | - | H M |

| | | | | | |
|---|---|---|---|---|---|
| 4 ഏറ്റവും പുതിയ വിവരങ്ങൾ എഴുതിയ നോട്ട് ബുക്ക് പൊതുവിജ്ഞാനം | പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | എല്ലാദിവസവും | ക്ലാസ് ടീച്ചർ | - | H M |
| 5 പത്രവാർത്താ ബോർഡ് | പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ | എല്ലാദിവസവും | ചുമതലയുള്ള അധ്യാപകർ | - | H M |

| | | | | | |
|---|---|---|---|---|---|
| 2 ഇ വായന പ്രോത്സാഹിപ്പിക്കൽ പരിചയപ്പെടുത്തൽ, പരിശീലനം | ഭാഷാപഠനത്തിൽ താത്പര്യം ഉണ്ടാക്കുന്നതിന് | 2020 മാർച്ച് 31 ന് മുമ്പ് | PTA SRG Manager | RS 5000 | വികസന സമിതി |

പ്രവർത്തനം: 5 മികച്ച രചനാശേഷിയുള്ളവരുടെ രചനാവൈഭവം പരിപോഷിപ്പിക്കൽ

| | | | | | |
|---|---|---|---|---|---|
| 1 പ്രാദേശിക എഴുത്തുകാരുമായി സംവദിക്കാനും അനുഭവങ്ങൾ പങ്കുവെക്കാനും അവസരം | രചനകളെ പ്രോത്സാഹിപ്പിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | വിദ്യാരംഗം | RS 1000 | SRG |
| 2 ഔട്ട് ഡോർ രചനാ ക്യാമ്പുകൾ | രചനകളെ പ്രോത്സാഹിപ്പിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | വിദ്യാരംഗം | RS 3000 | SRG H M |
| 3 നാടകാവിഷ്കാരം | രചനകളെ പ്രോത്സാഹിപ്പിക്കൽ | വർഷത്തിൽ 1 പ്രാവശ്യം | വിദ്യാരംഗം | - | H M |

# 7(2) ENGLISH

## OBJECTIVES

1. *To ensure all students up to VII$^{th}$ standered, to attain all abilities in english prescribed for them.*
2. *When leaving VII$^{th}$std, all children will be able to speak and write english well.*
3. *To lift up the backward children to the minimum essentials of english language.*
4. *To ensure all the children are competable in reading with comprehension.*
5. *To develop the confidence of children in communicative english.*
6. *Develop the ability of children to compreherd a speech or a class or any other programs delivering through english language.*
7. *To solve the problems of children in poor condition of spelling and communication through english language.*
8. *To lead children to the level of writing and reading english without grammar mistakes.*
9. *To promote creative writing.*
10. *To use games as tool for english learning.*

## STATUS REPORT

1. *Major parts of the learnes in all classes are not able to read and write.*
2. *Most of the learners are not able to speak in english.*
3. *Learners are not able to use english language for their day to day communications.*
4. *Learners are not reading english dailies or periodicals.*
5. *Learners are not intersted in creative writing.*
6. *Sufficient reading materials in english language are not available in school.*
7. *English language atmospher is not getting at home.*

## Academic Master Plan
## English (L.P.Section)

| No | Programme | Activity | Duration | Study materials | Support |
|---|---|---|---|---|---|
| 1 | *To solve the back-wardness in english language* | *Pre-test special coaching (reading cards, word games, cross-word puzzles matching cards)* | *6 months* | *Game boards cards* | *SRG PTA* |
| 2 | *To promote reading skill* | *Story cards Story books News paper English Library* | *1 year* | *Books* | *PTA Manager* |
| 3 | *To promote writing skill* | *Letter to a friend Documentationof classroom activi-ties Diary writing* | *1 year* | *Model of Letters-model of diary writing* | *PTA Manager* |
| 4 | *To communicative ability* | *Field trips English day English fest* | *1 year* | *Model of Letters-model of diary writing* | *SRG* |
| 5 | *New word experience* | *A board for new words* | *1 year* | *black board* | *SRG* |

## Details of activities (L.P.Section)
## Activity - 1 Solving backwardness

| No | Sub-activity | Aim | Period | Charge | Expenditure | Moni-toring support |
|---|---|---|---|---|---|---|
| 1 | Pre-Test | To identify backwarness | June 1 to 10 | English subject council | Rs.500 | SRG |
| 2 | Special Coaching | To Stovle backwardness | June to September | " | - | H.M. |
| 3 | Reading Cards | " | " | " | Rs.500 | H.M. |
| 4 | Word games | " | " | " | Rs.500 | " |
| 5 | Puzzles | " | " | | - | " |
| 6 | Matching cards | " | " | " | Rs.500 | " |
| | *Activity -2- Promoting reading skills* | | | | | |
| 1 | Reading story cards and story books | To promote reading | Daily (1Year) | English Teacher | Rs.2000/- | H.M. |
| 2 | News Paper and Quiz Programmes. | " | once in a month | English club | Rs. 2000 | H.M. |
| 3 | English Library setting | " | 2Year | SRG Manager | Rs.10000 | P.T.A |
| | *Activity -3- Promoting writing skills* | | | | | |
| 1 | Letter to a friend (Each writes letter to his friend) | To promote writing skills | Once in a week | English Teacher | - | H.M. |
| 2 | A documentation book is kept (One child presents a documentation | " | Daily | " | - | H.M. |
| 3 | Diary writing (English) | " | " | " | - | H.M. |

| Activity - 4- Promoting communicative skill | | | | | | |
|---|---|---|---|---|---|---|
| 1 | Field trip (Use english for communication) | To promote communicative skill | Once in a month | English club | - | H.M |
| 2 | English day (Use only english) | " | " | SRG | - | H.M. |
| 3 | English fest competition | " | Once in a Year | SRG | Rs.2000/- | P.T.A. |

## ACADEMIC MASTER PLAN
### (U.P.Section)

**Sub: English**

| Programme | Activity | Duration | Physical | Support |
|---|---|---|---|---|
| Solve the problem of writing and reading english | 1. Make compulsory situation for writing and reading english in the class room and home.<br>2. Each child should get enough chance to read their home works loudly in the class<br>3. Before starting a lesson, a child should read the lesson and underline their difficult words and sentences using pencil.<br>4. Each child should get chance to clear their doubts in the class with the help of english teacher (meaning and pronunciation)<br>5. Reading cards | Academic year (ten months) | Text book<br>Handbook<br>ICT classes | C.P.T.A<br>SRG<br>Subject council<br>P.T.A. |

| Programme | Activity | Duration | Physical | Support |
|---|---|---|---|---|
| | 5. Every week child should read an excerpt from their lesson copied in their note books.<br>6. When the child presents their excerpt of the narration , the teacher should correct their writing mistakes.<br>7. More over, the teacher should make aware of them about the rules of writing english that is "Punctuation"<br>8. To development the ability of a child in reading english with correct pronunciation, the teachers should ask him to read the new words, meaning and examples loudly in the class.<br>9. English diary | Academic year completely (ten months) | Text book<br>English note<br>ICT classes | CPTA<br>SRG<br>Subject council<br>P.T.A. |

| Programme | Activity | Duration | Physical | Support |
|---|---|---|---|---|
| Develop the ability of a child to read english with comprehension and speak what learner understood. | 1. Observe english day under the aeagis of english club.<br>2. All U.P.Classes will have a daily english news paper.<br>3.Conduct "english assembly" once in a weeek.<br>4. Conduct field trips where learners and teachers interact only in english.<br>5. Give learners enough chance to watch vedeos of "Aesop's Fables" with english narration.<br>6.Dictionary should be available in each class. The teacher should help pupil how to use dictionary.<br>Develop the ability of a learner to communicate through english classes. | Academic year (ten months) | Dictionary<br>Charts<br>Text book<br>English note book<br>ICT classes | CPTA<br>SRG<br>Subject council<br>P.T.A. |

| Programme | Activity | Duration | Physical | Support |
|---|---|---|---|---|
| Develop the ability of a learner to communicate through english language | 1. Make compulsory situation to use english inside the classroom/ school in "english days"<br>2. Teachers should use "english only" in english classes. Use mothers language in evitable situation.<br>3. Develop suitable situation in english classes to develop the communicative skill of the pupil,in connection with lessons<br>4.Inspire the child to watch programmes in Radio, T.V. & internets to inculcate his/her communicative skill in english language.<br>5. Conduct interview with subject experts.<br>6. Radio Programmes | Academic year | ICT<br>Text book<br>hand book<br>internet | CPTA<br>SSG<br>PTA<br>Subject council SRG |

| Programme | Activity | Duration | Physical | Support |
| --- | --- | --- | --- | --- |
| *Develop the ability of a child to comprehend a speech or a class or any other progra mmes delivering through english language.* | *1. Give chance for learners to listen stories telling in english language.english language.*<br>*2. Teachers should ask children to do small activities in the class. eg: You take the bag, come here, turn right, keep the bag on the table etc.,*<br>*3. English lab should arrange at school with enough materials.*<br>*4. English news paper should available in school. The english teachers asks a question every day from english news-paper. Winners should give gift.* | *Academic year* | *Text book*<br>*hand book*<br>*Dictionary*<br>*I.C.T* | *C.P.T.A*<br>*S.S.G*<br>*Subject council*<br>*P.T.A* |

| Programme | Activity | Duration | Physical | Support |
|---|---|---|---|---|
| *Solve the problem of poor candidate in spelling & pronunciation.* | *1. The english teacher should explain the child that what are the techiniques of accquring the spelling of new words.*<br>*2. Continuous and repeated reading of english can be arranged in the classroom.*<br>*3. Compulsory reading can be practised to get answers of the questions, to find out noun words, to find out verbs, to find out and underlineadverb, to find out and underline adjective etc., Toppers can win prizes from the classroom competition* | *Academic year (ten months)* | *Flash cards*<br>*Pictures*<br>*Text book*<br>*I.C.T* | *C.P.T.A*<br>*P.T.A*<br>*S.R.G*<br>*Subject consil* |

| | Programme | Activity | Duration | Physical | Support |
|---|---|---|---|---|---|
| I | To lead the child to the level of writing and reading english with out grammar mistakes. | English fest | 3 days | | B.R.C<br>D I ET<br>P.T.A |
| VII | Promation of creative writing | 1- writing letter about school activities<br>2.Discussion with local english experts.<br>3. Transaction of english articles | Once in a term | | P.T.A<br>S.D.C |
| VIII | English learning through games and books | -Word games<br>-Cross word puzzles etc.<br>-English drama<br>-English corner<br>-English library | once in a month | | M.P.T.A |

## Details of Activities (U.P. Section)

| Sl.No | Activity - 1- Sub-activity | Aims | Period | Charge | Expenditure | Monitoring |
|---|---|---|---|---|---|---|
| 1 | *Pre-test and special class* | *To identify the back-wardness and solve it.* | *June to November (6Months)* | *English subject council* | *Rs.500* | *S.R.G* |
| 2. | *Make compalsory situation for reading and writing* | *To solve the problem of of writing and reading* | *One year* | " | --- | *H.M.* |
| 3 | *Reading home works and assign ments loudly in the class* | *To promote reading ability* | *One year* | " | --- | *H.M.* |
| 4 | *Reading and under-line the difficult words* | " | " | " | --- | *H.M.* |
| 5 | *Reading cards (short stories)* | " *H.M* | *One year* | | " | *Rs.1000/-* |
| 6. | *English diary* | *To promote writing skills* | *One year (thrice in a week)* | " | --- | *H.M.* |
| | | | | | | |

| Activity - 2- Reading with comprehension and speaking what the learner understood | | | | | | |
|---|---|---|---|---|---|---|
| Sl.No | Sub-activity | Aime | Period | Charge | Expenditure | Moni-toring |
| 1 | English day | To promote speaking English | Once in a week | English club | --------- | S.R.G |
| 2. | News paper quis | To promote reading news paper (english) | Once in a month | " | --- | H.M. |
| 3 | English assembly | To promote speaking and reading | Once in a week | Subject council | --- | H.M. |
| 4 | Field trips (Teachers and students commu-nicate only through english) | To promote speaking | Once in a month | " | --- | S.R.G. |
| 5 | Watching videos | To under-stand Con-versation | Once in a week | " | --- | S.R.G. |
| 6. | Dictionary | To promote reading | All days | English teacher | --- | S.R.G |

| Activity - 3 Promoting communication- | | | | | | |
|---|---|---|---|---|---|---|
| Sl.No | Sub-activity | Aime | Period | Charge | Expenditure | Moni-toring |
| 1 | Radio programmes (Presenting radio programmes in english giving in-structions through english) | To promote language ability | Once in a week | English club | --------- | S.R.G. |
| 2 | Wattching T.V. programmes, C.D and other programmes | " | Once in a week | " | --- | S.R.G. |
| 3 | English day | " | Once in a week | " | --- | S.R.G |

| Activity - 4 Develop speaking ability in english | | | | | | |
|---|---|---|---|---|---|---|
| Sl.No | Sub-activity | Aime | Period | Charge | Expenditure | Moni-toring |
| 1 | Story telling | To promote listening ability | Once in a week | English teacher | --------- | H.M. |
| 2. | English lab | To promote language ability | 2 year | S.R.G | Rs.25000/- | P.T.A |
| 3 | Competitions | To promote language ability | Once in a month | English club | --- | P.T.A |

| Activity - 5 Reading and writing without grammar mistakes | | | | | | |
|---|---|---|---|---|---|---|
| Sl.No | Sub-activity | Aim | Period | Charge | Expenditure | Moni-toring |
| 1 | English fest | To read and write english without grammar mistakes | five days | English club | Rs.3000/- | P.T.A. |

| Activity - 6 Promotion of creative writing | | | | | | |
|---|---|---|---|---|---|---|
| Sl.No | Sub-activity | Aim | Period | Charge | Expenditure | Moni-toring |
| 1 | Letter writing | To promote writing skill | Once in a week | English teacher | --- | H.M. |
| 2 | Discussion with local english experts | " | Once in a month | English club | --- | P.T.A |
| 3 | Translation of english articles | " | Once in a month | " | --- | H.M |

*Activity - 7 Learning english through games and books*

| Sl.No | Sub-activity | Aime | Period | Charge | Expenditure | Moni-toring |
|---|---|---|---|---|---|---|
| 1 | Word games and cross word puzzles etc., | To promote language ability | daily | English teacher | -------- | H.M. |
| 2. | English drama | " | Once in a month | " | -- | H.M |
| 3 | English corner | " | One year | S.R.G | Rs-5000/- | H.M. |
| 4 | English Library setting | " | Two years | P.T.A | Rs-25000/- | S.D.C |

## 7 (3) ഹിന്ദി

### ലക്ഷ്യങ്ങൾ

* 5, 6, 7 ക്ലാസ്സുകളിലെ പാഠങ്ങളിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
* ഹിന്ദി കഥകൾ, പുസ്തകങ്ങൾ തുടങ്ങിയവ വായിക്കുന്നതിന് അവസരം ലഭ്യമാക്കുക.
* പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന എല്ലാ കഴിവുകളും കുട്ടിക്ക് ഉണ്ട് എന്ന് ഉറപ്പുവരുത്തുക.
* ഹിന്ദിയിൽ പരിപാടികൾ അവതരിപ്പിക്കുന്നതിനും, ആസ്വദിക്കുന്നതിനും അവസരം നൽകുക.
* കുട്ടികളുടെ പദ സമ്പത്ത് വർദ്ധിപ്പിക്കുക.
* കുട്ടികൾക്കാവശ്യമായ പഠന സാമഗ്രികൾ വികസിപ്പിക്കുക
* ദിനാചരണങ്ങളിൽ ഹിന്ദിയുടെ ഉപയോഗം ഉറപ്പുവരുത്തുക

### പ്രശ്നങ്ങൾ

* 5, 6, 7 ക്ലാസ്സുകളിൽ അക്ഷരം ഉറയ്ക്കാത്തവരും വായിക്കാനറിയാത്തവരും ഉണ്ട്.
* പാഠപുസ്തകത്തിന് ക്ലാസ്സ് റൂമിന് പുറത്ത് ഹിന്ദി സംസാരിക്കാനും വായിക്കാനും അവസരം ലഭിക്കുന്നില്ല.
* ഹിന്ദി വായനാ സാമഗ്രികൾ ആവശ്യത്തിന് ലഭ്യമാകുന്നില്ല. ഹിന്ദിയിൽ പരിപാടികൾ അവതരിപ്പിക്കുന്നതിന് അവസരം ലഭിക്കുന്നില്ല

| Programme | Activity | Duration | സാമഗ്രികൾ | പിന്തുണ |
|---|---|---|---|---|
| മീഠി ഹിന്ദി | -എഴുത്ത് വായന- അറിയാത്തവർക്കുള്ള പരിപാടി<br>-പ്രീ ടെസ്റ്റ്<br>-പ്രത്യേക ക്ലാസ്സുകൾ | 3 മാസം | പുസ്തകം അക്ഷര ചാർട്ടുകൾ പദകാർഡുകൾ | പി.ടി.എ എസ്.ആർ.ജി. |
| മീഠി വചൻ | -കഥാപുസ്തകം വായിക്കുക<br>-കുട്ടിക്കവിതകൾ, ചിത്രകഥകൾ വായിക്കൽ | 4 മാസം | പുസ്തകങ്ങൾ, കഥാ ചാർട്ട്, കവിതാ ചാർട്ട് | എസ്.ആർ.ജി. |
| ആസ്വാദനം ഹിന്ദി | -പാട്ട്, കഥ ആസ്വാദനം<br>-സി.ഡി. പ്രദർശനം<br>-റേഡിയോ പരിപാടികൾ | 4 മാസം | എൽ.സി.ഡി. പ്രൊജക്ടർ | എസ്.ആർ.ജി. ഹിന്ദി ക്ലബ്ബ് |
| പദപരിചയം | ഹിന്ദി പദ സമ്പത്ത് വർദ്ധിപ്പിക്കുക അതിന് പ്രത്യേക പദ ബോർഡ്<br>-പ്രോത്സാഹനം നൽകൽ | 1 വർഷം | ബോർഡ് | എസ്.ആർ.ജി. ഹിന്ദി ക്ലബ്ബ് |
| ഹിന്ദി അസംബ്ലി | ഹിന്ദി അസംബ്ലി - ഹിന്ദിൾ ട്രിപ്പ് | 1 വർഷം | ഹിന്ദി ന്യൂസ് പേപ്പർ | എസ്.ആർ.ജി. |
| ഹിന്ദി ശേഖരം | കുട്ടികൾക്കാവശ്യമായ പഠനസാമഗ്രികളുടെ ശേഖരം സംഘടിപ്പിക്കൽ | 1 വർഷം | ചാർട്ട്, ബോർഡുകൾ, ചിത്രങ്ങൾ | എസ്.ആർ.ജി. ബി.ആർ.സി. |
| ദിനാചരണങ്ങൾ | ദിനാചരണങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുക | 1 വർഷം | ചാർട്ട് പേപ്പറുകൾ, മാർക്കർ പേനകൾ, പശ തുടങ്ങിയവ | എസ്.ആർ.ജി. |

# പ്രവർത്തന വിശദാംശങ്ങൾ

പ്രവർത്തനം : 1 മീഠി ഹിന്ദി

| ഉപപ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1. പ്രീ ടെസ്റ്റ് | പിന്നോക്കക്കാരെ കണ്ടെത്തൽ | ജൂൺ 1 to 10 | ഹിന്ദി ടീച്ചർ | 100 | എസ്.ആർ.ജി. |
| 2. പ്രത്യേക പരിശീലനം | പിന്നോക്കക്കാരെ മുൻപന്തിയിൽ എത്തിക്കൽ | 6 മാസം (എല്ലാ ദിവസവും) | എസ്.ആർ.ജി. പി.ടി.എ. | - | എച്ച്. എം. |
| 3. അക്ഷര കാർഡുകൾ, പദ കാർഡുകൾ നിർമ്മിക്കൽ (ഒരു ദിവസം ഒരു കാർഡ്) | പിന്നോക്കക്കാരെ മുൻപന്തിയിൽ എത്തിക്കൽ | 6 മാസം (എല്ലാ ദിവസവും) | ഹിന്ദി ടീച്ചർ | - | എച്ച്.എം. |
| പ്രവർത്തനം 2 മീഠി വചൻ | | | | | |
| കഥാപുസ്തകങ്ങൾ, കുട്ടിക്കഥകൾ, ചിത്രകഥകൾ വായിക്കാൻ അവസരം നൽകൽ | വായന പ്രോത്സാഹിപ്പിക്കൽ | എല്ലാ ദിവസവും (ഒരു വർഷം) | ഹിന്ദി ടീച്ചർ | 2500 | എച്ച്.എം. |
| പ്രവർത്തനം 3 ഹിന്ദി – ആസ്വാദനം | | | | | |
| -പാട്ടുകൾ അവതരിപ്പിക്കൽ<br>-സി.ഡി. പ്രദർശനം | ഹിന്ദി ആസ്വാദനത്തിന് അവസരം നൽകുക | രണ്ട് ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി ടീച്ചർ | - | എസ്.ആർ.ജി. |
| റേഡിയോ പരിപാടികൾ അവതരണം | ഹിന്ദി ആസ്വാദനത്തിന് അവസരം നൽകുക | രണ്ട് ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി ടീച്ചർ | - | എസ്.ആർ.ജി. |
| പ്രവർത്തനം 4 പദസമ്പത്ത് വർദ്ധിപ്പിക്കൽ | | | | | |
| പദപരിചയം (ഇന്നത്തെ വാക്കുകൾ എന്ന ബോർഡിൽ ദിവസവും 2 വാക്കുകൾ പരിചയപ്പെടുത്തുന്നു. മാസാവസാനം കുട്ടികളെ വിലയിരുത്തുന്നു) | പദസമ്പത്ത് വർദ്ധിപ്പിക്കുക | എല്ലാദിവസവും (1 വർഷം) | ഹിന്ദി ടീച്ചർ | - | എസ്.ആർ.ജി. |

### പ്രവർത്തനം : 5 ഭാഷാശേഷി വികസനം

| ഉപപ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഹിന്ദി അസംബ്ലി- (പരിപാടികൾ മുഴുവൻ ഹിന്ദിയിൽ) | ഹിന്ദി പറയാനും കേൾക്കാനും അവസരം നൽകുക. | മാസത്തിൽ ഒരിക്കൽ | ഹിന്ദി ടീച്ചർ | - | എസ്.ആർ.ജി. |
| ഹിന്ദിഡേ (ട്രിപ്പ്) മാസത്തിൽ ഒരു ദിവസം ഹിന്ദി മാത്രം സംസാരിക്കുന്നു. | ഹിന്ദി പറയാനും കേൾക്കാനും അവസരം നൽകുക. | മാസത്തിൽ ഒരിക്കൽ | ഹിന്ദി ടീച്ചർ | - | |

പ്രവർത്തനം : 6 ഹിന്ദി പഠനസാമഗ്രികൾ ശേഖരിക്കൽ

| | | | | | |
|---|---|---|---|---|---|
| കുട്ടികൾക്കാവശ്യമായ പഠന സാമഗ്രികൾ സംഘടിപ്പിക്കുന്നു. -കഥാചാർട്ട്, കവിതാചാർട്ട്, ചിത്രകഥകൾ, വചനങ്ങൾ | ഭാഷാശേഷി വികസിപ്പിക്കൽ | 1 വർഷം | എസ്.ആർ.ജി. പി.ടി.എ | 1000 | എസ്.ആർ.ജി. |

പ്രവർത്തനം : 7 ദിനാചരണങ്ങൾ

| | | | | | |
|---|---|---|---|---|---|
| ദിനാചരണങ്ങളിൽ ഹിന്ദി പോസ്റ്ററുകൾ, ചുമർപത്രികകൾ, പ്ലക്കാർഡുകൾ എന്നിവ തയ്യാറാക്കുക | ഹിന്ദി ഭാഷാശേഷി വികസിപ്പിക്കൽ | 1 വർഷം | എസ്.ആർ.ജി. | 500 | എച്ച്.എം. |

## 7 (4) അടിസ്ഥാന ഗണിതം

**ലക്ഷ്യങ്ങൾ**

1. ഗണിത പഠനത്തിന്റെ ലക്ഷ്യമായ ചിന്തയുടെ ഗണിതവൽക്കരണത്തിലേക്ക് ഓരോ കുട്ടിയെയും നയിക്കുക.
2. പാഠ്യപദ്ധതി ലക്ഷ്യം വെക്കുന്ന ആശയങ്ങളും ധാരണകളും എല്ലാ കുട്ടികൾക്കും ലഭ്യമാകുന്നു എന്ന് ഉറപ്പുവരുത്തുക.
3. മൂന്ന് മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സംഖ്യാബോധം, ചതുഷ്ക്രിയകൾ, അളവുകൾ, സമയം, ജ്യാമിതി തുടങ്ങിയ മേഖലകളിൽ ആവശ്യമായ അടിസ്ഥാന ധാരണകൾ ഉണ്ട് എന്ന് ഉറപ്പുവരുത്തുക.
4. ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ അവസരം ലഭ്യമാക്കുക.
5. നിത്യജീവിതത്തിൽ കൈകാര്യം ചെയ്യുന്ന ഗണിത പ്രശ്നങ്ങൾ കണ്ടെത്താനും വിശദീകരിക്കാനും കുട്ടിയെ പ്രാപ്തനാക്കുക.
6. വിവിധ തൊഴിലുകളിൽ ഉപയോഗപ്പെടുത്തുന്ന ഗണിതത്തെക്കുറിച്ച് ധാരണയുണ്ടാക്കുക.
7. കളികളിൽ ഉപയോഗപ്പെടുത്തുന്ന ഗണിതം ചർച്ച ചെയ്യാൻ അവസരം ലഭ്യമാക്കുക.
8. പ്രകൃതിയിലെ ഗണിതസൗന്ദര്യം ചർച്ച ചെയ്യുക.
9. ഗണിതത്തിലെ ആശയവിനിമയത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ഗണിതം സംസാരിക്കാൻ അവസരം ലഭ്യമാക്കുക.
10. ഗണിതലാബിന്റെ ഉപയോഗം, ഗണിതപഠനത്തിൽ ഉറപ്പാക്കുക.
11. ഗണിത ലൈബ്രറി സ്ഥാപിക്കുക.
12. കണ്ടെത്തൽ പഠനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ഗണിത പ്രോജക്ടുകളിൽ ഏർപ്പെടാൻ അവസരം നൽകുക.
13. പ്രശ്നാപഗ്രഥനത്തിൽ യുക്തിസഹമായി ഇടപെടുന്നതിന് അവസരം ലഭ്യമാക്കുക.
14. ICT അധിഷ്ഠിത പഠനം ഉറപ്പാക്കുക

**പ്രശ്നങ്ങൾ**

1. എൽ.പി. യു.പി. വിഭാഗങ്ങളിൽ 20% പേർക്ക് സംഖ്യാബോധം വളരെ കുറവാണ്.
2. ചതുഷ്ക്രിയകൾ മുഴുവൻ അറിയാത്തവരാണ് 35%പേരും
3. ഒരു ചോദ്യം സ്വയം വായിച്ച് അപഗ്രഥിച്ച് ഉത്തരത്തിലെത്തുന്നതിൽ അധികം പേരും പിന്നോക്കമാണ്.
4. അളവുകളിൽ സൂക്ഷ്മതയില്ലാത്തവർ 30% ഉണ്ട്.
5. ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ കുറച്ചുപേർ (ഏതാണ്ട് 10%) പിന്നോക്കമാണ്.
6. നേടിയ ഗണിതാശയങ്ങൾ ജീവിത സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ പലർക്കും കഴിയുന്നില്ല.
7. ഗണിതകളികൾ, ആസ്വാദ്യകരമായ ഗണിതപഠനം എന്നിവക്ക് മതിയായ അവസരം ലഭിക്കുന്നില്ല.

8. പഠനോപകരണങ്ങൾ സ്വയം നിർമ്മിക്കാൻ അവസരം ലഭിക്കുന്നില്ല.
9. ഗണിത ലാബിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.
10. ഐ.സി.ടി. അധിഷ്ഠിത പഠനം വ്യാപകമാകുന്നില്ല.
11. നിത്യജീവിതത്തിൽ ഉപയോഗപ്പെടുന്ന ഗണിതത്തെക്കുറിച്ച് ചർച്ച നടക്കുന്നില്ല.
12. വസ്തുതകൾ വിശകലനം ചെയ്ത് നിഗമനം രൂപീകരിക്കുന്നതിൽ പകുതിപേരും പിന്നോക്കമാണ്.

## അക്കാദമിക് പ്ലാൻ അടിസ്ഥാന ഗണിതം
## (LP and UP)

| Sl. No. | പരിപാടി | പ്രവർത്തനം | കാലയളവ് | സാമഗ്രി | പിന്തുണ |
|---|---|---|---|---|---|
| 1. | അടിസ്ഥാനാശയങ്ങളുടെയും ധാരണകളുടെയും അപര്യാപ്തത പരിഹരിക്കൽ | 1. Pre Test<br>2. നിലവാര ഗ്രൂപ്പ് നിർണ്ണയം<br>3. സംഖ്യാ ബോധം ഉറപ്പിക്കൽ<br>4. ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>5. അളവുകളുടെ അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കൽ<br>6. സമയവുമായി ബന്ധപ്പെട്ട ധാരണകൾ ഉറപ്പിക്കൽ<br>7. പ്രശ്നപരിഹരണ പരിശീലനം<br>8. ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ സൂക്ഷ്മതകൾ പരിചയിക്കൽ | 10 days | അബാക്കസ്<br>സ്ഥാനവില പോക്കറ്റ്<br>[illegible]കളികൾ<br>യൂണിറ്റ് ക്യൂബുകൾ | SRG<br>BRC |

| | | | | | |
|---|---|---|---|---|---|
| 2. | ഗണിതാശയം നിത്യജീവിതവുമായി ബന്ധപ്പെടുത്തൽ | 1. ഇന്ന് ഞാൻ ഉപയോഗിച്ച ഗണിതം അവതരിപ്പിക്കൽ<br>2. ഞാൻ കണ്ടെത്തിയ ഗണിത പ്രശ്നങ്ങൾ അവതരിപ്പിക്കൽ<br>3. കച്ചവടകളികൾ<br>4. അമ്മയുടെ ഗണിതം (വീട്ടിലെ ഗണിതം) | 1 year | കളിപ്പാട്ടങ്ങൾ<br>Toys etc. | |
| 3. | ഗണിതത്തിൽ താത്പര്യമുണ്ടാക്കൽ | പ്രോജക്ടുകൾ പാറ്റേൺ നിർമ്മാണം<br>ഗണിതപ്പാട്ടുകൾ<br>ഗണിതകളികൾ<br>ഗണിതകഥകൾ എന്നിവ കണ്ടെത്തി അവതരിപ്പിക്കൽ<br>ഗണിതശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ ജീവചരിത്രങ്ങൾ, എന്നിവ ശേഖരിക്കൽ ചുമരിൽ ഒട്ടിക്കൽ<br>ഒറിഗാമി<br>ടാൻഗ്രാം<br>ഗണിത ബോർഡ് | 2 years | ഗണിതപാട്ട് - കഥാപുസ്തകങ്ങൾ<br>ഗണിത ചരിത്ര പുസ്തകങ്ങൾ | |

## UP Section

| Sl. No. | പരിപാടി | പ്രവർത്തനം | കാലയളവ് | സാമഗ്രികൾ | പിന്തുണ |
|---|---|---|---|---|---|
| 4. | തൊഴിലുകളുമായി ബന്ധപ്പെട്ട ഗണിതക്രിയകൾ പരിചയപ്പെടൽ | 1) തൊഴിലിടങ്ങൾ സന്ദർശിക്കൽ<br>2) കൃഷിയിടത്തിൽ ഉപയോഗിക്കുന്ന ഗണിതത്തെക്കുറിച്ച് കൃഷിക്കാരനുമായി അഭിമുഖം<br>3) അഭിമുഖത്തിനുള്ള ചോദ്യാവലി തയ്യാറാക്കൽ<br>4) തൊഴിലുകളുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ കണ്ടെത്തൽ | 1 year | | SRG<br>BRC<br>DET<br>PTA |
| 5. | കളികളിലൂടെ ഗണിതം | വിവിധ കളികളിൽ ഉപയോഗിക്കുന്ന ഗണിതത്തെക്കുറിച്ച് അന്വേഷിച്ച് കണ്ടെത്തൽ<br>കായികമത്സരങ്ങളിലെ ഗണിതം അന്വേഷിച്ച് കണ്ടെത്തൽ | 1 year | CD പ്രൊജക്ടർ | BRC<br>PTA<br>Sports Club |
| 6. | ICT സാങ്കേതികത്വം | 1. Geogebra യിലെ അടിസ്ഥാനാശയങ്ങൾ പരിചയപ്പെടൽ<br>2. G. Comprice പരിചയപ്പെടൽ<br>3. ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ<br>4. കൂടുതൽ കമ്പ്യൂട്ടർ സംഘടിപ്പിക്കൽ | | Computer<br>CD<br>പ്രൊജക്ടർ | BRC<br>IT @ School<br>[illegible] |
| 7. | ഗണിത പ്രോജക്ടുകൾ | സംഖ്യാപ്രോജക്ടുകൾ<br>അന്വേഷണ പ്രോജക്ടുകൾ | 1 year | | BRC SRG |

| | | | | | |
|---|---|---|---|---|---|
| 8. | [illegible] | 1. [illegible]<br>2. [illegible]<br>3. BALA<br>4. [illegible] | [illegible]<br>[illegible]<br>[illegible]<br>[illegible] | [illegible] | BRC<br>PTA<br>DIET |

# പ്രവർത്തന വിശദാംശങ്ങൾ

ഗണിതം (എൽ.പി. & യു.പി.)

പ്രവർത്തനം 1.

**അടിസ്ഥാനാശയങ്ങളുടെയും ധാരണകളുടെയും അപര്യാപ്തത പരിഹരിക്കൽ**

| | ഉപപ്രവർത്തനം | ലക്ഷ്യങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | Pre Test | പിന്നാക്കാവസ്ഥ തിരിച്ചറിയുക | 10 ദിവസം (ജൂൺ) | ഗണിത ക്ലബ്ബ് കൺവീനർ | Rs. 500/- | SRG |
| 2 | അബാക്കസ്, സ്ഥാനവില പോക്കറ്റ്, കമ്പുകെട്ടുകൾ, ഷെയ്ഡ് കാർഡുകൾ എന്നിവ ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കൽ | സംഖ്യാബോധം ഉണ്ടാക്കുക | 10 ദിവസം (ജൂൺ) | " | - | SRG |
| 3. | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ക്രിയകളുമായി ബന്ധപ്പെട്ട ധാരണകൾ ഉറപ്പിക്കൽ | 2-ാം ദിവസം- (ജൂലായ്) | | | SRG |
| 4 | സമയം അളവുകൾ | അളവുകളുമായി ബന്ധപ്പെട്ട പിന്നാക്കാവസ്ഥ പരിഹരിക്കൽ | 5 ദിവസം (ആഗസ്റ്റ്) | | | SRG |
| 5 | പ്രശ്ന പരിഹരണ പ്രവർത്തനങ്ങൾ | ചോദ്യം വായിച്ച് സ്വന്തമായി അപഗ്രഥിച്ച് ഉത്തരത്തിലെത്തൽ | 15 ദിവസം (ആഗസ്റ്റ്) | | | SRG |

പ്രവർത്തനം 2.

**ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തൽ**

| | ഉപപ്രവർത്തനം | ലക്ഷ്യങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | ഇന്ന് ഞാൻ ഉപയോഗിച്ച ഗണിതം എന്ന പുസ്തകത്തിൽ ഓരോ ദിവസവും കുട്ടി ഗണിതാനുഭവങ്ങൾ അവതരിപ്പിക്കുന്നു. | ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തലും, ആശയവിനിമയവും | 1 വർഷം | ഗണിത അധ്യാപിക | | HM |

| | | | | | | |
|---|---|---|---|---|---|---|
| 2 | ഞാൻ കണ്ടെത്തിയ ഗണിത പ്രശ്നങ്ങൾ എന്ന പുസ്തകത്തിൽ അതാത് സമയത്തെ പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു പ്രശ്നം കുട്ടി എഴുതുന്നു. (ഓരോ ദിവസവും മാറി മാറി) | നിത്യജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് | 1 വർഷം | | - | SRG |
| 3. | അമ്മയുടെ ഗണിതം എന്ന പുസ്തകത്തിൽ അമ്മ ഉപയോഗിക്കുന്ന ഗണിതത്തെക്കുറിച്ച് കുറിപ്പെഴുതുക | | | | | |
| 4 | കച്ചവടകളികളിൽ ഏർപ്പെടുന്നു. | കച്ചവടത്തിലെ ഗണിതം മനസ്സിലാക്കുന്നതിന് | | | | SRG |

പ്രവർത്തനം 3.
**ഗണിതത്തിൽ താത്പര്യമുണ്ടാക്കൽ**

| | ഉപപ്രവർത്തനം | ലക്ഷ്യങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | ഒറിഗാമി | ഗണിത പഠനത്തിൽ താത്പര്യം ഉളവാക്കുന്നതിന് | മാസത്തിൽ ഒരു പ്രാവശ്യം | സബ്ജക്ട് കൗൺസിൽ | RS. 250/- | HM SRG PTA |
| 2. | ടാൻ ഗ്രാം | | | | | |
| 3 | ജ്യാമെട്രിക്കൽ പാറ്റേൺ നിർമ്മാണം | ജ്യാമിതിയിൽ താത്പര്യമുണ്ടാകുന്നതിന് | ടേമിൽ ഒരു പ്രാവശ്യം | | | HM |
| 4. | ഗണിതപ്പാട്ടുകൾ, ഗണിതകഥകൾ എന്നിവ പ്രസിദ്ധീകരണങ്ങളിൽ നിന്ന് കണ്ടെത്തി അവതരിപ്പിക്കൽ | ഗണിത പഠനത്തിൽ താത്പര്യമുണ്ടാകുന്നതിന് | മാസം 1 പ്രാവശ്യം | | | HM |
| 5 | ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ | | ഒരു വർഷം | SRG | Rs. 1000 | PTA |
| 6. | ഗണിത ബോർഡ്- ചോദ്യങ്ങൾ എഴുതുന്നു. ഉത്തരങ്ങൾ എഴുതി വാങ്ങുന്നു. സമ്മാനം നൽകുന്നു. | | ആഴ്ചയിൽ ഒരു പ്രാവശ്യം | സബ്ജക്ട് കൺവീനർ | | HM |

പ്രവർത്തനം 4.
**തൊഴിലുകളിലെ ഗണിതം**

| | ഉപപ്രവർത്തനം | ലക്ഷ്യങ്ങൾ | കാലയളവ് | പങ്കാളി | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | കച്ചവടത്തിൽ ഉപയോഗിക്കുന്ന ഗണിതത്തെക്കുറിച്ച് മനസ്സിലാക്കാൻ കച്ചവടക്കാരനുമായി അഭിമുഖം. ചോദ്യാവലി തയ്യാറാക്കൽ | കച്ചവടത്തിലെ ഗണിതത്തെക്കുറിച്ചറിയാൻ | വർഷത്തിൽ 1 പ്രാവശ്യം | സബ്ജക്ട് കൗൺസിൽ | | SRG |
| 2. | തൊഴിലിടങ്ങൾ സന്ദർശിക്കൽ കമ്പനി ഗ്രിൽസ് വർക്ക് മേശനിർമ്മാണം | വിവിധ തൊഴിലുകളിൽ ഉപയോഗിക്കുന്ന ഗണിതം മനസ്സിലാക്കാൻ | വർഷത്തിൽ ഒരു പ്രാവശ്യം | | | SRG |
| 3. | വിവിധ തൊഴിലുകളുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾ കണ്ടെത്തൽ | | | | | SRG |

പ്രവർത്തനം 5
**കളികളിലെ ഗണിതം കണ്ടെത്തൽ**

| | ഉപപ്രവർത്തനം | ലക്ഷ്യങ്ങൾ | കാലയളവ് | പങ്കാളി | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | വിവിധ കളികളിലും കായിക മത്സരങ്ങളിലും ഉപയോഗിക്കുന്ന ഗണിതത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കൽ | കളികളിൽ ഉപയോഗിക്കുന്ന ഗണിതത്തിന്റെ സാധ്യതകൾ അറിയാൻ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | - | SRG |

പ്രവർത്തനം 6
**ICT ശാക്തീകരണം**

| | ഉപപ്രവർത്തനം | ലക്ഷ്യങ്ങൾ | കാലയളവ് | പങ്കാളി | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | ജിയോജിബ്രയിലെ അടിസ്ഥാനാശയങ്ങൾ പരിചയപ്പെടുത്തുന്ന ജി-കോംപ്രിസ് പരിചയപ്പെടുത്തുന്നു. | ഗണിതത്തിലെ ICT സാധ്യതകൾ കണ്ടെത്തുന്നതിന് | മാസത്തിൽ ഒരിക്കൽ | ഗണിത ക്ലബ്ബ് | | HM |
| 2. | കൂടുതൽ കമ്പ്യൂട്ടറുകൾ വാങ്ങൽ | | 2 വർഷം | SRG PTA മാനേജർ | 1 ലക്ഷം | SMC |

പ്രവർത്തനം 7
**ഗണിത പ്രോജക്ടുകൾ**

| | ഉപപ്രവർത്തനം | ലക്ഷ്യങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | സംഖ്യാ പ്രോജക്ടുകൾ | അനുഭവിച്ച് കണ്ടെത്തൽ പഠനം പ്രോത്സാഹിപ്പിക്കുന്നതിന് | മാസത്തിൽ ഒരു പ്രാവശ്യം (ഒരു പ്രോജക്ട്) | ഗണിത ക്ലബ്ബ് | | SRG |
| 2. | അന്വേഷണ പ്രോജക്ടുകൾ | | ടേമിൽ ഒരു പ്രാവശ്യം | | | SRG |

പ്രവർത്തനം 8
**ഗണിത പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ**

| | ഉപപ്രവർത്തനം | ലക്ഷ്യങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|
| 1 | ഗണിതലാബ് സെറ്റുചെയ്യൽ | പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് | 3 മാസം | SRG | 25000 | PTA |
| 2. | ഗണിത ലൈബ്രറി | | 1 വർഷം | SRG | 15,000 | PTA |
| 3. | ബാല | | 1 വർഷം | PTA | 5000 | SMC |
| 4. | പൂന്തോട്ട നിർമ്മാണം | | 2 വർഷം | PTA | 10,000 | SMC |

## 7 (5) അടിസ്ഥാന ശാസ്ത്രം

ചലനാത്മകവും വികസിച്ചുകൊണ്ടിരിക്കുന്നതുമായ വിജ്ഞാനത്തിന്റെ ലോകമാണ് ശാസ്ത്രം. അജ്ഞതയുടെയും അന്ധവിശ്വാസത്തിന്റെയും കെട്ടുപാടുകൾ മുറിച്ചുകടന്ന് പുരോഗതിയിലേക്ക് ഒരു ജനതയെ കൈപിടിച്ചുയർത്തുന്നത് ശാസ്ത്രമാണ്. ശാസ്ത്രീയ വിജ്ഞാനം ഉൽപ്പാദിപ്പിക്കുകയും സാധൂകരിക്കുകയും ചെയ്യുന്നതിലേക്ക് കുട്ടിയെ നയിക്കുന്ന തരത്തിലാകണം ശാസ്ത്രപഠന പ്രക്രിയ നടക്കേണ്ടത്. കുട്ടികളുടെ ആകാംക്ഷയും സർഗാത്മകതയും ശാസ്ത്രീയമായി പരിപോഷിപ്പിക്കുന്നതാകണം ഈ പ്രക്രിയ. പ്രക്രിയാധിഷ്ഠിതപഠനം കുട്ടിയെ ശാസ്ത്രം പഠിക്കാൻ പഠിപ്പിക്കുകയാണ്. ശാസ്ത്രപഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് മുന്നേറിയാൽ മാത്രമേ ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയൂ.

### ശാസ്ത്രപഠനം-പ്രശ്നങ്ങൾ

1. എല്ലാ ക്ലാസ്സുകളിലെ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
2. കുട്ടികൾക്ക് സ്വയം പ്രശ്ന പരിഹാരണത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴിയുന്നില്ല.
3. പഠന പ്രവർത്തനങ്ങളുടെ ബാഹുല്യം, പഠന സമയത്തിന്റെ കുറവ്, ഐ.സി.ടി. അധിഷ്ഠിതവും പ്രക്രിയാ ബന്ധിതവുമായ പഠന പ്രവർത്തനങ്ങൾക്ക് ആസൂത്രണം ചെയ്യുന്നതിലെ പരിമിതി എന്നിവ എല്ലാ കുട്ടികളുടേയും പഠന നേട്ടം ഉറപ്പുവരുത്തുന്നതിന് തടസ്സമാകുന്നു.
4. പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്നില്ല.
5. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ തരത്തിൽ ലാബ് സൗകര്യങ്ങളില്ല.
6. നിലവിലെ ക്ലാസ് മുറികൾ ഐ.സി.ടി. അധിഷ്ഠിത പഠനത്തിന് യോജിച്ച തരത്തിലല്ല.
7. പ്രാദേശികമായി ലഭ്യമായ വിദഗ്ധരെയും അധ്യാപകരെയും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.
8. ഐ.സി.ടി. അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ അധ്യാപകന് കഴിയുന്നില്ല.

## പ്ലാൻ (LP & UP)

| | PROGRAMME | ACTIVITY | DURATION | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | അടിസ്ഥാന ആശയങ്ങളുടെയും ധാരണകളുടെയും അപര്യാപ്തത പരിഹരിക്കൽ | 1. പ്രീ-ടെസ്റ്റ്<br>2. പോസ്റ്റ് ടെസ്റ്റ്<br>3. പഠന ഗ്രൂപ്പ് രൂപീകരണം<br>4. ഗൃഹസന്ദർശനം<br>5. പഠനോപകരണ നിർമ്മാണം<br>6. ശാസ്ത്രവിസ്മയ ചുമർ<br>7. സയൻസ് ബുള്ളറ്റിൻ<br>8. ശാസ്ത്രമാസികകൾ പുസ്തകങ്ങൾ ശേഖരണം | 2 ദിവസം<br>1 മാസം | സ്കൂൾ ശാസ്ത്ര ക്ലബ് | SRG |
| 2. | എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും അവസരങ്ങൾ ഉറപ്പ് വരുത്തുക. | 1. എല്ലാ ക്ലാസുകളിലെയും പരീക്ഷണങ്ങൾക്കാവശ്യമായ ഉപകരണങ്ങളുടെയും സാമഗ്രികളുടെയും ലിസ്റ്റ് തയ്യാറാക്കുക.<br>2. ഇവ ആവശ്യമായ അളവിൽ സ്കൂൾ ലാബിൽ ലഭ്യമാക്കുക. | One month | സ്കൂൾ ക്ലബ് | SRG<br>PTA<br>BRC |
| 3 | പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട പഠനാനുഭവങ്ങൾ ഉറപ്പ് വരുത്തുക. | 1-ഹരിത സേന രൂപീകരണം<br>2-ജൈവ വൈവിധ്യപാർക്ക്<br>3. ശലഭോദ്യാനം | 1 കൊല്ലം | | PTA<br>SRG<br>BRC |
| 4 | I-C-T അധിഷ്ഠിത പഠനം ഉറപ്പാക്കുക | 1.അധ്യാപകർക്ക് I-C-T പരിശീലനം<br>2. ശാസ്ത്രപഠനത്തിനാവശ്യമായ CD കൾ, ചിത്രങ്ങൾ മുതലായവ ഉറപ്പുവരുത്തുക.<br>3. കുട്ടികൾക്ക് I-C-T പരിശീലനം | 2 days | ശാസ്ത്ര ക്ലബ് | മാസ്റ്റർ ട്രെയിനർ |

| | | | | | |
|---|---|---|---|---|---|
| 5. | പ്രാദേശികമായി ലഭ്യമായ വിഭവങ്ങളുടെയും അധ്യാപകരുടെയും പിന്തുണ ഉറപ്പുവരുത്തുക. | 1-കർഷകർ,കർഷകത്തൊഴിലാളികൾ, വിരമിച്ച അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ ഇവരെ ഉൾക്കൊള്ളിച്ച് ഗ്രൂപ്പ് രൂപീകരിക്കുക.<br>2 അഭിമുഖങ്ങൾ, ഫീൽഡ് ട്രിപ്പുകൾ | 1 കൊല്ലം | PTA | PTA<br>SRG |

## പ്രവർത്തനം

**ലക്ഷ്യങ്ങൾ**

1 എല്ലാ ക്ലാസ്സുകളിലെയും കുട്ടികൾക്ക് പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും ഉറപ്പുവരുത്തുക.

2 എല്ലാ കുട്ടികൾക്കും സ്വയം പ്രശ്നപരിഹാരത്തിന്റെ ഭാഗമായി പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും ഉള്ള സാഹചര്യം ഉറപ്പുവരുത്തുക.

3. സമയബന്ധിതമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

4. പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട് പഠനാനുഭവങ്ങൾ നൽകാൻ കഴിയുന്ന സാഹചര്യങ്ങൾ ഒരുക്കുക.

5. ലാബ്, ലൈബ്രറി സൗകര്യങ്ങൾ കുട്ടികൾക്ക് ആനുപാതികമായി വിപുലീകരിക്കുക.

6. I-C-T അധിഷ്ഠിത ബോധനരീതിക്കനുസരിച്ചുള്ള തലത്തിലേക്ക് എല്ലാ ക്ലാസ്സുകളും ഒരുക്കുക.

7. അധ്യാപകന്റെ കഴിവുകൾ I-C-T അധിഷ്ഠിത പ്രവർത്തനങ്ങൾ ആസൂത്രണം നടത്താനുള്ള തലത്തിലേക്ക് ഉയർത്തുക.

**പ്രവർത്തന വിശദാംശങ്ങൾ**

ശാസ്ത്രപഠനം നേരിടുന്ന പ്രശ്നങ്ങൾ ഉടൻ പരിഹരിക്കേണ്ട പ്രശ്നങ്ങളും ഉടൻ പരിഹരിക്കേണ്ട പ്രശ്നങ്ങളും ദീർഘകാല പ്രവർത്തനങ്ങളിലൂടെ പരിഹരിക്കേണ്ട പ്രശ്നങ്ങളും ഉണ്ട്. പിന്നോക്കക്കാരായ കുട്ടികൾക്ക് അവ കൈവരിക്കാനുള്ള അവസരം ഒരുക്കുക എന്നതാണ് മുഖ്യപ്രശ്നം. അതിനാണ് ഈ പദ്ധതിയിൽ കൂടുതൽ ഊന്നൽ നൽകുന്നത്.

1. പിന്നോക്കക്കാരെ കണ്ടെത്തുന്നതിന് മൂല്യനിർണയ പ്രവർത്തനം

ചോദ്യപേപ്പർ നിർമാണം

മെയ്മാസം ചേരുന്ന SRGയിൽ ചോദ്യപേപ്പർ നിർമാണത്തിനുള്ള അധ്യാപക ഗ്രൂപ്പ് ഉണ്ടാക്കുന്നു. ഇവർ ചേർന്ന് ചോദ്യപേപ്പർ തയ്യാറാക്കുന്നു. ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ധാരണകൾ നേടിയിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിന് ഉതകുന്ന ചോദ്യാവലി ചർച്ച ചെയ്ത് തയ്യാറാക്കുന്നു.

2. മൂല്യനിർണയ പ്രവർത്തനം (പ്രീ-ടെസ്റ്റ്) ജൂൺ ആദ്യവാരം എല്ലാ ക്ലാസ്സിലും പ്രീ-ടെസ്റ്റ് നടത്തുന്നു. കണ്ടെത്തുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.

3. പഠനഗ്രൂപ്പ് രൂപീകരണം 15 കുട്ടികൾ വീതമുള്ള ഗ്രൂപ്പുകളാക്കി ഓരോ അധ്യാപകന്

പുരസ്കാരം നൽകുന്നു.

4. ഗൃഹസന്ദർശനം: അധ്യാപകരും PTA പ്രതിനിധികളും കുട്ടികളുടെ വീട് സന്ദർശിക്കുന്നു. കുട്ടിയുടെ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യുന്നു.

5. രക്ഷാകർതൃശിൽപ്പശാല:- പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രത്യേകം ശിൽപ്പശാല സംഘടിപ്പിക്കുന്നു. കുട്ടികളിലെ പഠന വൈകല്യം, രക്ഷിതാക്കൾക്ക് കുട്ടികളെ എങ്ങനെ സഹായിക്കാം തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സ് സംഘടിപ്പിക്കുന്നു.

6. അധ്യാപകർക്ക് IT പരിശീലനം: അവധിക്കാലത്ത് അധ്യാപകർക്ക് 2 ദിവസത്തെ IT പരിശീലനം നൽകി അധ്യാപകരെ ശാക്തീകരിക്കുന്നു.

7. മൂല്യനിർണയവും തുടർപ്രവർത്തനങ്ങളും: ടേം അവസാനം മൂല്യനിർണയ പ്രവർത്തനങ്ങൾ നടത്തി. തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## 7 (6) സോഷ്യൽ സയൻസ്

### ആമുഖം

ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി, സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക എന്നതാണ് സാമൂഹിക ശാസ്ത്രപഠനത്തിന്റെ ആത്യന്തികമായ ലക്ഷ്യം. ഈ ലക്ഷ്യങ്ങൾ സാധിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സാമൂഹിക ശാസ്ത്രപഠന ക്ലാസ്സുകളിൽ നടക്കേണ്ടത്.

വിദ്യാർത്ഥികളിൽ ജനാധിപത്യ സംസ്കാരം വളർത്തിയെടുക്കുക, സമൂഹത്തിന്റെ പൊതുസ്വഭാവം വിശകലനം ചെയ്യുക, അതിനുള്ള രീതിശാസ്ത്രം സ്വായത്തമാക്കാൻ സഹായിക്കുക തുടങ്ങിയവ സാമൂഹ്യപഠനത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളാണ്.

ഈ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായിക്കുന്ന പ്രവർത്തനങ്ങളാണ് സാമൂഹിക ശാസ്ത്രപഠനത്തിന് വേണ്ടി ഈ അക്കാദമിക് പ്ലാനിൽ തീരുമാനിച്ചിരിക്കുന്നത്.

### പ്രശ്നങ്ങൾ

**അക്കാദമികം**

- ഒന്നു മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷികൾ, ധാരണ, ആശയങ്ങൾ എന്നിവ നേടാൻ കഴിയുന്നില്ല
- കുട്ടികൾക്ക് വായനാശീലം വളരെ കുറവായതിനാൽ പൊതുവിജ്ഞാനം കുറവാണ്.
- ഭൂമി ശാസ്ത്ര മേഖലയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് കൃത്യമായ ധാരണ ഉണ്ടായിരിക്കണം.
- നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെപ്പറ്റി കുട്ടികൾക്ക് കൃത്യമായ ധാരണയില്ല.
- നമ്മുടെ കാർഷിക സംസ്കൃതി, കാർഷിക പാരമ്പര്യം എന്നിവയെപ്പറ്റി കുട്ടികൾക്ക് ധാരണ ലഭിക്കേണ്ടതുണ്ട്.

**ഭൗതികം**

- ക്ലാസ് ലൈബ്രറികൾ ഇല്ല
- ICT അധിഷ്ഠിത പഠനത്തിന് ക്ലാസ് തലത്തിൽ ആവശ്യമായ സൗകര്യം ഒരുക്കേണ്ടതുണ്ട്.

**സാമൂഹികം**

- പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തുക.
- പ്രാദേശിക വിഭവ ശേഖരണം നടത്തുക.

# അക്കാദമിക് മാസ്റ്റർ പ്ലാൻ – സാമൂഹ്യശാസ്ത്രം

| | PROGRAMME | ACTIVITY | DURATION | സാമഗ്രികൾ | പിന്തുണ |
|---|---|---|---|---|---|
| 1 | അടിസ്ഥാന ശേഷികൾ, ധാരണ, ആശയങ്ങൾ എന്നിവയുടെ അഭാവം പരിഹാരം | 1. എൻട്രി ലെവൽ പ്രീടെസ്റ്റ്<br>2. ഗ്രൂപ്പ് പ്രവർത്തനങ്ങൾ<br>3. ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തൽ<br>4. നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.<br>5. ലോക്കൽ ടെക്സ്റ്റ് ബുക്കുകൾ തയ്യാറാക്കുക.<br>6. ICT അധിഷ്ഠിത പഠനത്തിനുള്ള പരിശീലനങ്ങൾ സ്കൂൾ തലത്തിൽ ആസൂത്രണം ചെയ്യുക. | 1 വർഷം | പ്രിന്റ് ദിനപത്രങ്ങൾ<br>ദിനപത്രങ്ങൾ പ്രിന്റ് ഔട്ടുകൾ<br>ICT അധിഷ്ഠിത ശില്പശാല | വിദഗ്ധരായ അധ്യാപകർ<br>SRG<br>PTA<br>PTA<br>SSG-PTA<br>SRG BRC |
| 2. | എല്ലാ കുട്ടികൾക്കും പഠനങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും അവസരങ്ങൾ ഉറപ്പ് വരുത്തുക. | 1. എല്ലാ ക്ലാസ്സുകളിലേയും പരീക്ഷണങ്ങൾക്കാവശ്യമായ ഉപകരണങ്ങളുടെയും സാമഗ്രികളുടെയും ലിസ്റ്റ് തയ്യാറാക്കുക.<br>2. ഇവ ആവശ്യമായ അളവിൽ സ്കൂൾ ലാബിൽ ലഭ്യമാക്കുക. | One month | സ്കൂൾ ലാബ് | SRG<br>PTA<br>BRC |
| 3 | പ്രകൃതി ഒരു പാഠപുസ്തകം എന്ന ആശയം ഉൾക്കൊണ്ട പഠനാനുഭവങ്ങൾ ഉറപ്പ് വരുത്തുക. | 1-ഹരിത വനം രൂപീകരണം<br>2-ജൈവ വൈവിധ്യപാർക്ക്<br>3. ശലഭോദ്യാനം | 1 മാസം | | PTA<br>SRG<br>BRC |
| 4 | I-C-T അധിഷ്ഠിത പഠനം ഉറപ്പാക്കുക | 1-അധ്യാപകർക്ക് I-C-T പരിശീലനം<br>2. ശാസ്ത്രപഠനത്തിനാവശ്യമായ CD കൾ, ചിത്രങ്ങൾ മുതലായവ ഉറപ്പുവരുത്തുക.<br>3. കുട്ടികൾക്ക് I-C-T പരിശീലനം | 2 days<br>ശാസ്ത്രലാബ് | | |

| | | | | | |
|---|---|---|---|---|---|
| 5. | പ്രാദേശികമായി ലഭ്യമായ വിഭവങ്ങളുടെയും അധ്യാപകരുടെയും പിന്തുണ ഉറപ്പാക്കുക. | 1-കർഷകർ,കർഷകതൊഴിലാളികൾ, വിരമിച്ച അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങിയവരെ ഉൾക്കൊള്ളിച്ച് ഗ്രൂപ്പ് രൂപീകരിക്കുക.<br>2 അഭിമുഖങ്ങൾ, ഫീൽഡ് ട്രിപ്പുകൾ | | | |

## 7 (7) ചിത്രകല

| | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കലോത്സവം | ചിത്രകലയിലുള്ള കഴിവിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കി നിറവും വെളിച്ചവും രൂപങ്ങളിൽ വരുത്തുന്ന മാറ്റം പരിചയപ്പെടുത്തി പരിശീലിപ്പിക്കുക | 3 മാസം | വിവിധ മാധ്യമങ്ങൾ | പി.ടി.എ<br>മറ്റ് ചിത്രകലാധ്യാപകർ<br>സർക്കാർ ഫണ്ട് |
| 2 | വർണ്ണ വസന്തം | കളറിംഗ് പരിശീലനം<br>ക്രയോൺ<br>ഓയിൽ പെയിന്റിംഗ്<br>ചാർക്കോൾ<br>വാട്ടർകളർ ഇവ ഉപയോഗിച്ച് | 8 മാസം | ക്രയോൺസ് ഓയിൽ പെയിന്റ്സ് വാട്ടർ കളർ ചാർക്കോൾ ചാർട്ടുകൾ<br>ബ്രഷുകൾ | പി.ടി.എ<br>മറ്റ് ചിത്രകലാധ്യാപകർ<br>സർക്കാർ ഫണ്ട് |
| 3. | വരയ്ക്കാം വ്യത്യസ്തമാകാം | രേഖാചിത്രീകരണ പരിശീലനം<br>പതിപ്പ് നിർമ്മാണം<br>പെയിന്റിംഗ്, രേഖാചിത്രങ്ങൾ<br>പെൻസിൽ ഡ്രോയിംഗ്<br>വാട്ടർകളർ, ക്രയോൺ<br>കാർട്ടൂൺ ഉൾക്കൊള്ളിച്ച് ഉള്ള മാഗസിൻ | 10 മാസം | ചാർട്ടുകൾ<br>ബ്രഷ്<br>പെൻസിൽ<br>കളറിംഗ് മെറ്റീരിയൽസ് | പെയിന്റിംഗ് ബ്രഷുകൾ<br>ബാലമാഗസിനുകൾ<br>മറ്റ് ചിത്രകലാധ്യാപകർ<br>PTA, SRG |
| 4 | വിശേഷ ദിനങ്ങൾ | ദിനാചരണങ്ങൾക്കനുയോജ്യമായ പോസ്റ്റർ നിർമ്മാണം മത്സരാടിസ്ഥാനത്തിൽ കഴിവിന്റെ അടിസ്ഥാനത്തില് തരം തിരിച്ച് | 6 മാസം | ചാർട്ടുകൾ<br>സ്കെച്ച് പെൻ<br>മാർക്കറുകൾ<br>ക്രയോൺ<br>വാട്ടർ കളർ | സർക്കാർ ഫണ്ട്<br>കഴിവുള്ള ആർട്ടിസ്റ്റുകൾ<br>മറ്റ് ചിത്രകലാധ്യാപകർ |
| 5. | ആസ്വദിക്കാം വരയ്ക്കാം | ക്ലാസ്സിന് പുറത്ത് പ്രകൃതിയെ നിരീക്ഷിച്ചും ആസ്വദിച്ചുമുള്ള ചിത്രരചന | 6 മാസം | ചാർട്ടുകൾ<br>വാട്ടർകളർ<br>ക്രയോൺ<br>ഓയിൽപെയിന്റിംഗ്<br>ചാർക്കോളുകൾ<br>ബ്രഷുകൾ | PTA ഫണ്ട്<br>സർക്കാർ ഫണ്ട്<br>PTA<br>SSG |

| | | | | | |
|---|---|---|---|---|---|
| 6. | വരയ്ക്കാം പ്രദർശിപ്പിക്കാം | കുട്ടികളിൽ മത്സരബുദ്ധി വളർത്തി വരച്ച ചിത്രങ്ങൾ സ്കൂൾ കോമ്പൗണ്ടിൽ ആർട്ട് ഗ്യാലറിയിൽ പ്രദർശിപ്പിച്ച് പ്രോത്സാഹിപ്പിക്കൽ (ആഴ്ചയിലൊരിക്കൽ) | 10 മാസം | ആർട്ട് ഗ്യാലറിക്കായി ഒരു റൂം ബോർഡ് പ്രത്യേകം തയ്യാറാക്കിയ ഷെൽഫ് | അദ്ധ്യാപകർ സർക്കാർ ഫണ്ട് പിടിഎ |
| 7. | ഗ്രാമത്തിൽ ഒരു വർണ്ണ വസന്തം | ഗ്രാമത്തിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ തത്സമയ ചിത്രരചന | 10 മാസം | ഡ്രോയിംഗ് ബോർഡ് ചാർട്ട് പെയിന്റിംഗ് സാമഗ്രികൾ | അദ്ധ്യാപകർ PTA |

## പ്രവർത്തന വിശദാംശങ്ങൾ

**കരവിരുത്:**

കഴിവിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ ഗ്രൂപ്പുകളാക്കി ഗ്രൂപ്പുകളിൽ നിന്നും വെളിച്ചം വരുത്തുന്ന മാറ്റം സാധ്യതമാക്കാനുള്ള പരിശീലനം കൊടുക്കുക. ഇതിനായി വിവിധ തരത്തിലുള്ള ഗ്രൂപ്പുകൾ ഗോവാവുകളായി വെച്ചുകൊണ്ടുള്ള ചിത്ര രചന പരിശീലനം

**വർണ്ണ വസന്തം:**

ഭാവനയിലുള്ള ചിത്രങ്ങൾ, ലാൻഡ്സ്കേപ്പ് എന്നിവ കുട്ടികൾക്കിഷ്ടമുള്ള കളറിംഗ് മാധ്യമങ്ങൾ ഉപയോഗിച്ച് പെയിന്റിംഗ് പരിശീലനം കൊടുക്കുക. സൃഷ്ടികൾ ക്ലാസ്സ്‌റൂമിലോ, കോറിഡോറിലോ പ്രദർശിപ്പിക്കുക. (മാസത്തിലൊരിക്കൽ)

**വരയ്ക്കാം വരുതാകാം:**

പെയിന്റിംഗ് ബുക്കുകളും ബാലചിത്രീകരണ മാസികകളും പരിചയപ്പെടുത്തി രേഖാചിത്രീകരണം പരിശീലിപ്പിക്കുന്നു, കാർട്ടൂൺ ചിത്രീകരണത്തിനുള്ള പ്രോത്സാഹനവും പരിശീലനവും കൊടുക്കുന്നു. മറ്റ് ചിത്രകലാധ്യാപകരെയും, കാർട്ടൂണിസ്റ്റുകളെയും സഹായത്തോടെ ഈ പ്രോഗ്രാം മികച്ചതാക്കാം. രേഖാചിത്രങ്ങൾ, പെൻസിൽ ഡ്രായിംഗുകൾ, കാർട്ടൂൺ, ചിത്രങ്ങൾ ഇവ ഉൾപ്പെടുത്തി മാഗസിനുകൾ നിർമ്മിക്കാം.

**വിശേഷദിനങ്ങൾ:**

ദിനാചരണങ്ങൾ അധ്യാപകരുടെ സഹായത്തോടെ അതാത് ദിനാചരണങ്ങൾക്ക് അനുസൃതമായി പോസ്റ്ററുകൾ രചിക്കാനുള്ള കഴിവ് ആർജ്ജിക്കാനുള്ള അവസരം ഉണ്ടാകുന്നു. ഇത് മത്സരാടിസ്ഥാനത്തിലാക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യാം.

**ആസ്വദിക്കാം വരക്കാം:**

✓ക്ലാസ് മുറിക്ക് പുറത്തോ, സ്കൂളിന് പുറത്തോ പ്രകൃതി രമണീയമായ സ്ഥലത്തോ ഉല്ലാസ പഠന യാത്രയിലോ വരപ്പുപകരണങ്ങൾ കരുതി പ്രകൃതിയെ ആസ്വദിക്കുകയും, നിരീക്ഷിച്ച് ചിത്രരചന നടത്തുകയും ചെയ്യാവുന്നതാണ്. സഹായത്തിനായി ചിത്രകലാധ്യാപകനും കുട്ടികൾക്കൊപ്പം ചിത്രരചന നടത്തുന്നു.

**വരയ്ക്കാം പ്രദർശിപ്പിക്കാം:**

ആഴ്ചയിലൊരിക്കൽ കുട്ടികളിൽ മത്സരബുദ്ധി വളർത്തി വരച്ച ചിത്രങ്ങൾ സ്കൂൾ കോമ്പൗണ്ടിൽ പ്രത്യേകം സജ്ജമാക്കിയ ആർട്ട് ഗ്യാലറിയിൽ പ്രദർശിപ്പിച്ച് പ്രോത്സാഹനം

കൊടുക്കുന്നു.

ഗ്രൗണ്ടിൽ വെച്ച് വരയ്ക്കാം:

ഗ്രൗണ്ടിൽ പ്രത്യേകം സജ്ജമാക്കിയ ഡ്രോയിംഗ് ബോർഡിൽ ഇടവേളകളിൽ വ്യക്തിഗതമായി ചിത്രരചന പ്രോത്സാഹിപ്പിക്കുന്ന രീതി. ധൈര്യപൂർവ്വം രചന നടത്താനുള്ള ശേഷി ഇതിലൂടെ ആർജ്ജിക്കാൻ കുട്ടിക്ക് സാധ്യമാകുന്നു. ഒപ്പം പ്രോത്സാഹനവും

ടേമിൽ ഒരു പ്രാവശ്യം ചിത്രകലാ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഇതിനായി മറ്റു ചിത്രകലാധ്യാപകരെയും നാട്ടിലെ കലാകാരന്മാരുടെയും സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. ചിത്രപ്രദർശനം അധ്യയന വർഷം രണ്ടുപ്രാവശ്യമെങ്കിലും സംഘടിപ്പിക്കുന്നു.

അധ്യയന വർഷത്തിലൊരിക്കൽ വർണ്ണോത്സവം പരിപാടി സംഘടിപ്പിക്കാം. സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി മത്സരാടിസ്ഥാനത്തിൽ സമ്മാനങ്ങൾ നൽകി കുട്ടികളിൽ മാത്സര്യബുദ്ധിയും പ്രോത്സാഹനവും നൽകി ഇതിനെ വൻവിജയമാക്കാവുന്നതാണ്.

വർഷത്തിലൊരിക്കലെങ്കിലും കരകൗശല നിർമ്മാണ ശില്പശാലയും പ്രദർശനവും നടത്തുന്നതിലൂടെ പ്രവൃത്തി പരിചയ മേളകൾക്ക് കുട്ടികളെ സജ്ജമാക്കാം. വർക് എക്സ്പീരിയൻസ് അധ്യാപകരെയും നാട്ടിലെ കലാകാരന്മാരെയും ഇതിനായി പ്രയോജനപ്പെടുത്താം.

## 7 (ബി) സംസ്കൃതം മാസ്റ്റർ പ്ലാൻ

| പ്രോഗ്രാം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1 ഭാരതത്തിന്റെ അടിസ്ഥാന ഗ്രന്ഥങ്ങളും, വേദഭാഷ എന്നറിയപ്പെടുന്ന സംസ്കൃതഭാഷയിൽ കുട്ടികൾക്ക് താത്പര്യം വളർത്തുന്ന പ്രവർത്തനം | പ്രൈമറി മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പുവരുത്തുന്നു. മുന്നറിവ് പരിശോധന, ഭാഷാകളികൾ, അക്ഷരം ഉറപ്പിക്കൽ, വാചകം നിർമ്മിക്കൽ | 3 മാസം | പുസ്തകങ്ങളും വർക്ക് ഷീറ്റുകളും | BRC PTA SSG |
| 2 കരിക്കുലം ലക്ഷ്യം വെക്കുന്ന പഠനനേട്ടങ്ങൾ സംസ്കൃതഭാഷയിൽ ഉറപ്പുവരുത്തുന്നു. | വായനാമത്സരം, പ്രശ്നോത്തരി, സ്കൂൾ ലൈബ്രറി | 6 മാസം | പത്രങ്ങളും മാസികകളും | PTA SSG |
| 3 എഴുത്തുത്സവം | പുസ്തകങ്ങളുടെ നിർമ്മാണം ചുമർപത്രിക, പോസ്റ്റർ നിർമ്മാണം, ഭാഷാകളികൾ | 6 മാസം | ചാർട്ട് മാർക്കർ | PTA SSG |
| 4 മൂല്യങ്ങളും മനോഭാവങ്ങളും | പഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുന്നു. നാടകങ്ങൾ, സംഭാഷണങ്ങൾ, സംഭാഷിതം, ആപ്തവാക്യങ്ങൾ | | | |
| 5 ഐടി പഠനം | മൊബൈൽ, ലാപ്ടോപ്പ് | | CD | |

## 7 (9) ഉറുദു

| പ്രോഗ്രാം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1 ഉറുദു മധുരം | എഴുത്ത്, വായന ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു. അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു. | 2 മാസം | പുസ്തകങ്ങൾ<br>അക്ഷര കാർഡുകൾ<br>ലാപ്ടോപ്പ് | രക്ഷിതാക്കൾ |
| 2 വായനാലോകം | ക്ലാസ് ലൈബ്രറി<br>വായനാ അവസരം നൽകൽ, വായനാമത്സരം നടത്തൽ, ക്വിസ് മത്സരം, റേഡിയോ സംപ്രേക്ഷണം | 3 മാസം | വായന കാർഡ്<br>സ്കൂൾ റേഡിയോ | പി.ടി.എ<br>ബി.ആർ.സി |
| 3 എഴുത്തിന്റെ ലോകം | കൈയെഴുത്ത് പരിശീലനം<br>ചുമർ പത്രിക നിർമ്മാണം<br>പതിപ്പ് നിർമ്മാണം | 10 മാസം | ചാർട്ടുകൾ<br>മാഗസിനുകൾ | ഉറുദു ലൈബ്രറി<br>ഭാഷാവിദഗ്ധർ |
| 4 ആസ്വാദനലോകം | ആസ്വാദന സദസ്സ് രൂപീകരിക്കുക<br>സി.ഡി.യിലൂടെ പാട്ട് കേൾപ്പിക്കുക<br>ഉറുദു ഷോർട്ട് ഫിലിം, സ്കിറ്റ്, പ്രദർശനം | 6 മാസം | സ്കൂൾ ലാബ്<br>സ്മാർട്ട് ക്ലാസ്റൂം | സഹാധ്യാപകർ<br>രക്ഷിതാക്കൾ |
| 5 നല്ല മത്സരങ്ങൾ | ക്വിസ്<br>പദനിർമ്മാണം<br>കളറിംഗ്<br>ഗദ്യപാരായണ<br>പദപ്പയറ്റ്<br>കവിതാരചന | 10 മാസം | പുസ്തകങ്ങൾ<br>ലൈബ്രറി | എസ്.ആർ.ജി |
| 6 ദിനാചരണങ്ങൾ | ദിനാചരണങ്ങൾക്ക് അനുയോജ്യമായ പോസ്റ്റർ നിർമ്മാണം | 10 മാസം | ഐ.സി.ടി | SSG<br>സഹാധ്യാപകർ<br>മറ്റ്സ്കൂളിലെ ഉറുദുഅധ്യാപകർ |
| 7 ഉറുദു അസംബ്ലി | മാസത്തിലൊരിക്കൽ ഉറുദു അസംബ്ലി | 10 മാസം | ഐ.സി.ടി | സഹാധ്യാപകർ |

## പ്രവർത്തന വിശദീകരണം

| | |
|---|---|
| ഉറുദു മധുരം | 1 ടെസ്റ്റ് നടത്തി പിന്നാക്കക്കാരെ കണ്ടെത്തുന്നു. അക്ഷര പദകാർഡുകളുടെ സഹായത്താൽ അക്ഷരങ്ങളുടെ രൂപവും ഉച്ചാരണവും ഉറപ്പിക്കുന്നു. പദചിത്രകാർഡുകൾ വായിച്ച് അനുയോജ്യമായവ യോജിപ്പിക്കുന്നു. അക്ഷരങ്ങളെ അടിസ്ഥാനമാക്കിയുള്ള വീഡിയോ പ്രദർശിപ്പിക്കുന്നു. ചിത്രങ്ങളുടെ സഹായത്താൽ വാക്യങ്ങൾ നിർമ്മിച്ച് എഴുതുന്നു. കൊച്ചു കഥകളും കവിതകളും വായിപ്പിക്കുകയും പകർത്തി എഴുതുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു. |
| വായനാലോകം | 2 ഓരോ ബുക്ക് കുട്ടികളെകൊണ്ട് സംഭാവന ചെയ്യിക്കുക. റിട്ടയർ ചെയ്ത നാട്ടിലെ ഉറുദു അധ്യാപകരെ കൊണ്ട് സംഭാവന ചെയ്യിക്കുക.<br>സർക്കാർ ഫണ്ട് ഉപയോഗിച്ച് വാങ്ങുക<br>ഓരോ ഉറുദു പിരീഡിലും ആദ്യ അഞ്ചുമിനുറ്റിൽ ഒരാൾ ഒരു പുസ്തകത്തിലെ ഒരു പേജ് ഉറക്കെ വായിക്കുക.<br>എല്ലാകുട്ടികൾക്കും അവസരമുണ്ടാക്കുന്ന വിധത്തിൽ മാറി മാറി വായിപ്പിക്കുക.<br>ക്ലാസിൽ വായനാകാർഡ് വിതരണം ചെയ്യുന്നു.<br>കൊച്ചു കഥാപുസ്തകങ്ങളും കവിതകളും നൽകുന്നു. കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിക്ക് സമ്മാനം നൽകുന്നു.<br>തനത് വായന ഓഡിയോ കേൾപ്പിക്കുന്നു<br>വായനാമത്സരം നടത്തുന്നു. |
| എഴുത്തിന്റെ ലോകം | മാതൃക നൽകി എഴുത്ത് പരിശീലിപ്പിക്കുന്നു.<br>ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ<br>ക്ലാസ്തലത്തിൽ ചുമർ പത്രിക നിർമ്മാം<br>വർഷത്തിൽ ഒരു മാഗസിൻ തയ്യാറാക്കുന്നു. |
| നല്ല മത്സരങ്ങൾ | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനു ഉറുദു മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ക്ലാസ്തല ക്വിസ്സ് മത്സരം നടത്തുന്നു.<br>വിജയികൾക്ക്<br>അക്ഷരങ്ങൾ കൊടുത്തും പദസൂര്യൻ ആയും പദ നിർമ്മാണം സംഘടിപ്പിക്കുന്നു. കൂടുതൽ പദങ്ങൾ എഴുതിയവർക്ക് സമ്മാനം നൽകുന്നു. |

| | |
|---|---|
| | 3 ചിത്രങ്ങൾ നൽകി അനുയോജ്യമായ നിറം നൽകുന്നു മികച്ചതിന് സമ്മാനം നൽകുന്നു.<br>4 ഒരു ഗദ്യഭാഗം കൊടുത്ത് വായിപ്പിക്കുന്നു. വായനാമത്സരം നടത്തുന്നു. മികച്ച വായനക്കാരെ കണ്ടെത്തുന്നു.<br>5 ഒരു വാക്കിന്റെ അവസാനത്തെ അക്ഷരം കൊണ്ട് ആരംഭിക്കുന്ന വാക്ക് പറഞ്ഞ് മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി പദപ്പയറ്റ് സംഘടിപ്പിക്കുക<br>6 ഏതെങ്കിലും ഒരു വിഷയം നൽകി കവിതാരചന നടത്തുന്നു. മികച്ച കവിതാരചനയ്ക്ക് സമ്മാനം നൽകുന്നു. കവിതാപതിപ്പ് നിർമ്മിക്കുന്നു. |
| ദിനാചരണങ്ങൾ | ദിനാചരണങ്ങൾക്കനുയോജ്യമായ പോസ്റ്റർ നിർമ്മിക്കുന്നു. ഘോഷയാത്ര ആവശ്യമുള്ളവയ്ക്ക് പ്ലക്കാർഡുകൾ നിർമ്മിക്കുന്നു. |
| അസംബ്ലി | മാസത്തിലൊരിക്കൽ അസംബ്ലി ഉറുദുവിൽ നടത്തുക. പ്രാർത്ഥന, പ്രതിജ്ഞ, പത്രവായന ഉറുദുവിൽ സംഘടിപ്പിക്കുക. |

## 7 (10) അറബിക്

അറബിക് ഭാഷാപഠനത്തിൽ ഒന്നുമുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിൽ സ്ഥിരമായി കണ്ടുവരുന്നതും എന്നാൽ തീർത്തും പരിഹാരം കാണാൻ കഴിയാത്തതുമായ ചില പ്രശ്നങ്ങൾ നിലവിലുണ്ട്. നിരന്തരവും ക്രമാനുഗതവുമായ പ്രവർത്തനങ്ങളിലൂടെ ഈ ശേഷി കൈവരിക്കാൻ താഴെ പറയുന്ന പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിക്കുന്നത്.

തീർത്തും അന്യമായ ഒരു ഭാഷ കേട്ടും കണ്ടും പഠിക്കുക എന്നത് ഇന്ന് ഒരു പ്രശ്നമല്ല. ഐ.ടി സാങ്കേതിക രംഗത്തുള്ള നമ്മുടെ കുതിച്ചുചാട്ടം അത്രമാത്രം പുരോഗമനാത്മകമാണ്. കൂടാതെ ലൈബ്രറികൾ, ഐ.ടി. തിയേറ്ററുകൾ, ഇന്റർനെറ്റ് എന്നിവ ഉപയോഗപ്പെടുത്തി, ഭാഷാശേഷി കൈവരിക്കാൻ കഴിയുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അതിനായി മേൽപറഞ്ഞ പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാൻ ആയി ഞങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു.

| | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | അമൃതം അറബിക് | 1 പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുക.<br>2 അക്ഷരം ഉറപ്പിക്കാനുള്ള പ്രവർത്തനം നടത്തുക.<br>3 വാചകങ്ങൾ നിർമ്മിക്കൽ | 7 മാസം | പുസ്തകങ്ങൾ അക്ഷരോപകരണങ്ങൾ ലാപ്ടോപ്പ് | PTA |
| 2 | വായനാവസന്തം | 1 ക്ലാസ് ലൈബ്രറി<br>2 വായനാവസരങ്ങൾ സൃഷ്ടിക്കൽ<br>3 വായനാമത്സരം<br>4 ക്വിസ് മത്സരം<br>5 തനത് വായന പ്രോത്സാഹിപ്പിക്കൽ<br>6 റേഡിയോ | 6 മാസം | വായനാ കാർഡുകൾ പുസ്തകങ്ങൾ മാഗസിൻ ലാപ്ടോപ്പ് സ്പീക്കർ റേഡിയോ | പി.ടി.എ ഭാഷാവിദഗ്ധർ ബി.ആർ.സി സർക്കാർ ഫണ്ട് |
| 3 | എഴുതാം ഉയരാം | 1 കയ്യെഴുത്ത് പരിശീലനം<br>2 എഴുത്തുകൂട്ടം<br>3 പതിപ്പുകളുടെ നിർമ്മാണം<br>4 ചുമർ പത്രിക നിർമ്മാണം<br>5 മാഗസിൻ നിർമ്മാണം | 10 മാസം | ചാർട്ടുകൾ വിവരശേഖരണം സാമഗ്രികൾ മാഗസിനുകൾ | അറബിക് ലൈബ്രറി അറബിക് ലാബ് ഭാഷാ എക്സ്പേർട്ട്സ് |
| 4 | അറബിക് കമ്മ്യൂണിക്കേഷൻ | 1 ആശയ വിനിമയ വേദി- ക്ലാസ് തലത്തിൽ സ്കൂൾ തലം<br>2 സ്കിറ്റ്, ഷോർട്ട് ഫിലിം പ്രദർശനം<br>3 സ്പോക്കൺ അറബിക് വീഡിയോ പ്രദർശനം<br>4 അറബിക് മേള<br>5 സ്കിറ്റ്, നാടകാവതരണം | 10 മാസം | ഐ.സി.ടി പുസ്തകങ്ങൾ | പൂർവ്വാധ്യാപകർ ലൈബ്രറി ലാബ് |
| 5 | നല്ല ആസ്വാദനം | 1 അറബിക് സാഹിത്യസമാജം<br>2 വിവിധ സി.ഡി.പ്രദർശനം<br>3 യൂട്യൂബ് വീഡിയോപ്രദർശനം | 10 മാസം | ഐ.സി.ടി | സഹാധ്യാപകർ പി.ടി.എ |

| | പ്രോഗ്രാം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 6 | നല്ല മത്സരങ്ങൾ | 1 ക്വിസ്<br>2 പദനിർമ്മാണം<br>3 പദപ്പയറ്റ്<br>4 മെമ്മറി ടെസ്റ്റ്<br>5 കഥാപൂരണം<br>6 കവിതാലാപനം<br>7 ഗദ്യവായന<br>8 ഖുർആൻ പാരായണം | 10മാസം | പുസ്തകങ്ങൾ<br>ലൈബ്രറി<br>ലാബ്<br>ഐ.സി.ടി | SRG |
| 7 | ദിനങ്ങൾ | ദിനാചരണങ്ങൾക്ക് അനുയോജ്യമായ പോസ്റ്റർ നിർമ്മാണം | 10മാസം | ഐ.സി.ടി | SRG<br>സഹാധ്യാപകർ<br>റിട്ടയർ ചെയ്ത അധ്യാപകർ |
| 8 | അറബിക് അസംബ്ലി | മാസത്തിലൊരിക്കൽ അറബിക് അസംബ്ലി | 10മാസം | ഐ.സി.ടി | സഹാധ്യാപകർ |

പ്രവർത്തന വിശദാംശം

1 അമൃതം

1 ടെസ്റ്റ് നടത്തി പിന്നാക്കക്കാരെ കണ്ടെത്തുന്നു.

2 അക്ഷരപദകാർഡുകളുടെ സഹായത്താൽ അക്ഷരങ്ങളുടെ രൂപവും ഉച്ചാരണവും ഉറപ്പിക്കുന്നു.

3 പദചിത്ര കാർഡുകൾ വായിച്ച് അനുയോജ്യമായവ യോജിപ്പിക്കുന്നു.

4 അക്ഷരങ്ങളുടെ അടിസ്ഥാനമാക്കിയുള്ള കാർട്ടൂൺ, വീഡിയോ പ്രദർശിപ്പിക്കുന്നു.

5 കൊച്ചു കഥകളും കവിതകളും വായിപ്പിക്കുകയും പകർത്തി എഴുതുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

---

2 വായനാവസന്തം

1 ഓരോരുത്തർ കുട്ടികളെക്കൊണ്ട് സംഭാവന ചെയ്യിക്കുക.

2 അറബിക് അധ്യാപകരെ (റിട്ടയർ ചെയ്തതും അല്ലാത്തതും) കൊണ്ട് സംഭാവന ചെയ്യുക

3 സർക്കാർ ഫണ്ട് ഉപയോഗിച്ച് വാങ്ങുക

4 സ്വന്തം സ്പോൺസർ ചെയ്യുക

5 ഓരോ പിരീഡിലും ആദ്യത്തെ അഞ്ച് മിനിട്ട് രണ്ടോമൂന്നോ കുട്ടികളെ കൊണ്ട് ഉറക്കെ വായിപ്പിക്കുക.
എല്ലാ കുട്ടികൾക്കും അവസരമുണ്ടാകുന്ന വിധത്തിൽ മാറി മാറി വായിപ്പിക്കുക.

6 ക്ലാസിൽ വായനാകാർഡ് വിതരണം ചെയ്യുന്നു.

7 കൊച്ചുകഥാ പുസ്തകങ്ങളും കവിതകളും നൽകുന്നു. കൂടുതൽ വായിച്ച കുട്ടിക്ക് സമ്മാനം നൽകുന്നു.

8 തനത് വായന ഓഡിയോ കേൾപ്പിക്കുന്നു.

9 വായനാമത്സരം നടത്തി സമ്മാനം നൽകുന്നു.

---

3 എഴുതാം ഉയരാം

1 മാതൃക നൽകി എഴുത്ത് പരിശീലിപ്പിക്കുക

2 എഴുത്ത് കൂട്ടം സംഘടിപ്പിച്ച് വിവിധ വ്യവഹാര രൂപങ്ങൾ ഓരോ ഗ്രൂപ്പിലും നൽകി പതിപ്പ് തയ്യാറാക്കുക.

3 ക്ലാസ് തലത്തിൽ ചുമർ പത്രിക തയ്യാറാക്കുന്നു.

4 വർഷത്തിൽ ഒരു മാഗസിൻ തയ്യാറാക്കുന്നു.

---

4 അറബിക് കമ്മ്യൂണിക്കേഷൻ

1 ക്ലാസിൽ അധ്യാപകനും വിദ്യാർത്ഥികളും ആശയവിനിമയം അറബിയിലാക്കുന്നു.

2 സ്പോക്കൺ അറബി അടിസ്ഥാനമായ വീഡിയോകൾ പ്രദർശിപ്പിക്കുന്നു.

3 മോണോ ആക്ട്, കഥ, പ്രസംഗം എന്നിവ വിദ്യാർത്ഥികൾ അവതരിപ്പിക്കുകയും ആസ്വാദന അവസരം ഉണ്ടാക്കുകയും ചെയ്യുന്നു.

5 സാഹിത്യസമാജം

1) പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കാനും ശ്രവിക്കാനും രണ്ടാഴ്ചയിലൊരിക്കൽ സാഹിത്യസമാജം സംഘടിപ്പിക്കുന്നു.

2) എല്ലാകുട്ടികൾക്കും അവതരിപ്പിക്കാൻ അവസരമൊരുക്കുന്നു.

6 നല്ല മത്സരങ്ങൾ

1 ക്ലാസ്തല സ്കൂൾ തല ക്വിസ്മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

2 അക്ഷരങ്ങൾ കൊടുത്തും പദസൂര്യൻ ആയും പദനിർമ്മാണം സംഘടിപ്പിക്കുന്നു. കൂടുതൽ പദങ്ങളുണ്ടാക്കിയവർക്ക് സമ്മാനം കൊടുക്കുന്നു.

3 ഒരു വാക്കിന്റെ അവസാനത്തെ അക്ഷരംകൊണ്ട് ആരംഭിക്കുന്ന വാക്ക് പറഞ്ഞ് മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി പദപ്പയറ്റ് സംഘടിപ്പിക്കുന്നു.

4 ആദ്യമായി വിവിധ വസ്തുക്കൾ പ്രദർശിപ്പിക്കുന്നു. നിശ്ചിത സമയത്തിന് ശേഷം അവ മാറ്റുന്നു. വസ്തുക്കളുടെ പേരുകൾ അറബിയിലെഴുതുന്നു. കൂടുതൽ എഴുതിയ കുട്ടിക്ക് സമ്മാനം നൽകുന്നു.

5 ഏതെങ്കിലും വിഷയത്തെ ആസ്പദമാക്കി കവിത മികച്ച രചനയ്ക്ക് സമ്മാനം നൽകുന്നു.
കവിതാപതിപ്പ് നിർമ്മിക്കുന്നു.

6 ഗദ്യഭാഗം കൊടുത്ത് വായനാമത്സരം നടത്തുന്നു. മികച്ച വായനയ്ക്ക് സമ്മാനം

7 ഒരുനിശ്ചിത യൂറത്ത്മുൻകൂട്ടി കൊടുത്ത് തജ്‌വീദോടുകൂടി പാരായണമത്സരം നടത്തുന്നു. ക്ലാസ്തലത്തിന് ശേഷം സ്കൂൾതലമത്സരം നടത്തുന്നു.

7 ദിനാചരണങ്ങൾ

ദിനാചരണങ്ങൾക്കനുയോജ്യമായ പോസ്റ്റർ നിർമ്മിക്കുന്നു. ഘോഷയാത്ര ആവശ്യമുള്ളവയ്ക്ക് പ്ലക്കാർഡുകൾ നിർമ്മിക്കുന്നു.

8 അസംബ്ലി

മാസത്തിലൊരിക്കൽ അസംബ്ലി അറബിയിലാക്കുക. പ്രതിജ്ഞ, പ്രാർത്ഥന, പത്രവായന അറബിയിൽ സംഘടിപ്പിക്കുക.

## 7... കായികം മാസ്റ്റർ പ്ലാൻ

| പ്രോഗ്രാം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1 കായികം അതുല്യം | കായികക്ഷമതയുടെ അടിസ്ഥാനത്തിൽ കുട്ടികളെ ലിസ്റ്റ് തയ്യാറാക്കി ഗെയിംസ് അത്‌ലറ്റിക്സ് സംഘടിപ്പിക്കുവാനുള്ള പരിപാടി ആവിഷ്കരിച്ച് പരിശീലനം സംഘടിപ്പിക്കുന്നു. | 2 മാസം | ഗ്രൗണ്ട് സജ്ജീകരിക്കൽ | സഹാധ്യാപകർ പി.ടി.എ മറ്റു കായികാധ്യാപകർ |
| 2 പരിശീലിക്കാം ഉയരാം | എല്ലാ ആഴ്ചകളിലും, രാവിലെയും വൈകുന്നേരത്തും കായിക പരിശീലനം സംഘടിപ്പിക്കും. | 10 മാസം | മികച്ച ഭക്ഷണം സ്പോർട്സ് ഡ്രസ്സ് (സോക്സ്, ഷൂ) | സർക്കാർ ഫണ്ട് സഹാധ്യാപകർ പി.ടി.എ |
| 3 നീന്തിരസിക്കാം | സ്കൂളിലെ മുഴുവൻ കുട്ടികളെയും നീന്തൽ പരിശീലനം ഉറപ്പാക്കുന്ന പ്രവർത്തനമാണിത് | 10 മാസം | ഡ്രസ്സ് റൂം ജലലഭ്യത | പി.ടി.എ സഹാധ്യാപകർ രക്ഷിതാക്കൾ |
| 4 സൈക്കിൾ പരിശീലനം | മുഴുവൻ കുട്ടികളെയും സൈക്കിൾ പരിശീലിപ്പിക്കുന്ന പദ്ധതി | 2 വർഷം | സൈക്കിൾ | പി.ടി.എ |
| 5 യോഗയിലൂടെ സ്മാർട്ടാകാം | മാസ്ട്രയിൽ വഴി യോഗ പരിശീലനം സംഘടിപ്പിക്കുന്നു | 10 മാസം | ഭൗതിക സാഹചര്യം | സഹാധ്യാപകൻ പി.ടി.എ എസ്.എസ്.ജി |
| 6 അടിസ്ഥാന സൗകര്യങ്ങൾ | പൊതുജനപങ്കാളിത്തത്തോടെ ഗ്രൗണ്ട് മെച്ചപ്പെടുത്തലും ഉപകരണങ്ങൾ വാങ്ങലും | 2 വർഷം | | പി.ടി.എ |
| 7 മത്സരിക്കാം സൗഹൃദമായി | സമീപത്തുള്ള വിദ്യാലയങ്ങളുമായി സൗഹൃദകായികമത്സരം സംഘടിപ്പിക്കൽ ഉദാ: വോളിബോൾ, ഫുട്ബോൾ സ്പോർട്സ് അക്കാദമിക (നിരപ്പം, കാളിറ്റി)മായിചേർന്ന് സ്ഥിരം കായിക പരിശീലനം | 1 മാസം | മികച്ച ഭക്ഷണം സ്പോർട്സ് ഡ്രസ്സ് (സോക്സ്, ഷൂ) | സർക്കാർ ഫണ്ട് പി.ടി.എ എസ്.എസ്.ജി മറ്റ് കായികാധ്യാപകർ |

| പ്രവർത്തന വിശദീകരണം | |
|---|---|
| കായികം ആരോഗ്യം | കായികക്ഷമതയുടെ അടിസ്ഥാനത്തിൽ കുട്ടികളെ തരം തിരിച്ച് നിരന്തര പരിശീലനം നൽകി കിഡ്സ് അത്‌ലറ്റിക്സ് സജ്ജമാകാനുള്ള ശേഷി ഉണ്ടാകുന്നു. സഹാധ്യാപകർ പി.ടി.എ പ്രതിനിധികൾ, മറ്റു കായികാധ്യാപകർ എന്നിവരുടെ സേവനം ഈ പ്രവർത്തനത്തിന് ഏറെ സഹായകരമാണ്. |
| പരിശീലിക്കാം ഉയരാം | കുട്ടികൾക്ക് മികച്ച ഭക്ഷണം സ്പോർട്സ് ഡ്രസ്സ് എന്നിവ സർക്കാർ/പി.ടി.എ ഫണ്ട് മുഖേന ലഭ്യമാക്കി എല്ലാ ആഴ്ചകളിലും, രാവിലെയും വൈകുന്നേരവും കായിക പരിശീലനം സംഘടിപ്പിച്ച് കായികക്ഷമത ഉറപ്പുവരുത്തുന്നു. സഹാധ്യാപകരുടെയും മറ്റ് കായികാധ്യാപകരുടെയും സേവനം ഇതിനായി ഉറപ്പുവരുത്താവുന്നതാണ്. |
| നീന്തി രസിക്കാം | സ്കൂളിലെ മുഴുവൻ കുട്ടികളെയും, ലഭ്യമായ സ്വിമ്മിങ് പൂളിന്റെ സഹായത്തോടെ നീന്തൽ പരിശീലനം നടത്തും. സഹാധ്യാപകർ, രക്ഷിതാക്കൾ, പി.ടി.എ അംഗങ്ങൾ, എസ്.എസ്.ജി. അംഗങ്ങൾ എന്നിവരുടെ സേവനം ഈ പ്രവർത്തനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ശുചിത്വത്തോടെ കുളത്തിലിറങ്ങാൻ സഹായകമാവുന്ന ഡ്രസ്സ് റൂം രൂപപ്പെടുത്തേണ്ടതുണ്ട്. |
| യോഗയിലൂടെ സ്മാർട്ടാകാം | മാസ്ഡ്രിൽവഴി മുഴുവൻ അധ്യാപകരുടെയും സഹായത്തോടെ യോഗപരിശീലനം ആരംഭിക്കുക, എസ്.എസ്.ജി, പി.ടി.എ അംഗങ്ങളുടെ പിന്തുണ ഇക്കാര്യത്തിൽ ഉറപ്പുവരുത്താവുന്നതാണ്. |
| മത്സരിക്കാം സൗഹൃദമായി | സമീപത്തുള്ള വിദ്യാലയങ്ങളുമായി സൗഹൃദ കായിക മത്സരങ്ങൾ സംഘടിപ്പിക്കുക. മികച്ച ഭക്ഷണം കായികഉപകരണങ്ങൾ, സ്പോർട്സ് ഡ്രസ്സ് എന്നിവ സർക്കാർ ഫണ്ട്, പി.ടി.എ ഫണ്ട് എന്നിവ ഉപയോഗപ്പെടുത്താം. |

**മറ്റുപ്രവർത്തനങ്ങൾ**

- സ്കൂൾ കോമ്പൗണ്ട് വിവിധ ക്ലാസുകളിലെ കുട്ടികളുടെ കായിക പരിശീലനത്തിന് അനുഗുണമായി മാറ്റം വരുത്തുക.
- ആവശ്യമായ കായിക ഉപകരണങ്ങൾ ലിസ്റ്റ് ചെയ്യൽ സമാഹരിക്കൽ
- എല്ലാ കുട്ടികൾക്കും അവസരം ലഭിക്കത്തക്ക വിധത്തിൽ പ്രവർത്തന പദ്ധതി തയ്യാറാക്കും.
- വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ കായികക്ഷമത പരിശോധിക്കുക.
- വിവിധ കായിക ഇനങ്ങൾ പരിശീലിപ്പിക്കുന്നതിനു കഴിവുള്ള പ്രാദേശിക വിദഗ്ദരുടെ ലിസ്റ്റ് തയ്യാറാക്കി സേവനം പ്രയോജനപ്പെടുത്തുക.

## 7 (12) അദ്ധ്യാപക രക്ഷാകർത്തൃ സമൂഹകൂട്ടായ്മ

**ലക്ഷ്യങ്ങൾ**

1. സ്കൂളിന്റെ സമഗ്ര വികസനത്തിൽ സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുക.
2. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് അദ്ധ്യാപക-രക്ഷാകർത്തൃ കൂട്ടായ്മയുടെ പ്രവർത്തനം സജീവമാക്കുക.
3. വിദ്യാർത്ഥികളുടെ അക്കാദമികവും ഭൗതികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമൂഹത്തിന്റെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുക
4. ക്ലാസ്സ് പി.ടി.എ. കൾ സജീവമാക്കുക.
5. വിദ്യാലയത്തിന്റെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും സഹകരണം തേടുക.
6. രക്ഷാകർത്തൃ ബോധവൽക്കരണം നടത്തുക.
7. സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക.
8. കുട്ടികൾ തമ്മിലുള്ള ഐക്യവും സഹകരണവും ശക്തിപ്പെടുത്തുക.

**പ്രശ്നങ്ങൾ**

1. ക്ലാസ്സ് പി.ടി.എ കളിൽ പൂർണ്ണ ഹാജർ ഉണ്ടാവുന്നില്ല
2. സ്കൂൾ പ്രവർത്തനങ്ങളിൽ എല്ലാ രക്ഷിതാക്കളും പങ്കാളികളാകുന്നില്ല.
3. വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ സജീവമായി ചർച്ചചെയ്യപ്പെടുന്നില്ല
4. ഉപകരണം, ഭൗതിക സൗകര്യങ്ങൾ എന്നിവയിൽ രക്ഷിതാക്കൾ സജീവമായി ഇടപെടുന്നില്ല

## അദ്ധ്യാപക രക്ഷാകർത്തൃ സമൂഹ കൂട്ടായ്മ

| | പ്രോഗ്രാം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഫലപ്രദമായ മെന്ററിംഗ് | • മെന്റർ ഗ്രൂപ്പ് രൂപീകരണം | ജൂൺ 10 ന് മുമ്പ് | - | എസ്.ആർ.ജി |
| | | • മെന്റർ ഗ്രൂപ്പ് രക്ഷിതാക്കൾ സംയുക്ത യോഗം | ജൂൺ 20ന് മുമ്പ് | - | പി.ടി.എ |
| | | • മെന്റർ ഗ്രൂപ്പിലെ കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തൽ | ജൂൺ 25ന് മുമ്പ് | പോസ്റ്റ്കാർഡ് | പി.ടി.എ |
| | | • മെന്റർ ഗ്രൂപ്പിൽ പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ | ജൂലൈ ആഗസ്റ്റ് | - | എസ്.ആർ.ജി ബി.ആർ.സി |
| | | • മെന്റർ ഗ്രൂപ്പ് ഗൃഹസന്ദർശനം | ആഗസ്റ്റ് | - | പി.ടി.എ |
| | | • അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ - ഭൗതികം | ഒരു വർഷം | - | വിദ്യാലയ വികസന സമിതി |
| | | • ഇന്റർ ഗ്രൂപ്പ് കലാ കായിക മത്സരങ്ങൾ | സെപ്തംബർ | - | പി.ടി.എ പഞ്ചായത്ത് |
| | | • ഫീൽഡ്ട്രിപ്പ് | ഡിസംബർ | - | പി.ടി.എ |
| 2. | എന്റെ വിദ്യാലയത്തിന് എന്റെ വക | • രക്ഷിതാക്കളിൽ നിന്ന് ധനസമാഹരണം (ലൈബ്രറി, ലാബ്, കളിസ്ഥലം, തുടങ്ങിയവയുടെ വികസനത്തിന്) | 2 വർഷം | - | വിദ്യാലയ വികസന സമിതി |
| | | • വ്യത്യസ്ത മേഖലയിൽ പ്രവർത്തിക്കുന്ന രക്ഷിതാക്കൾ അവരുടെ മേഖലയിലെ അനുഭവങ്ങൾ പങ്കുവെക്കൽ പരിശീലനങ്ങൾ നൽകൽ | 1 വർഷം | - | പൂർവ്വവിദ്യാർത്ഥികൾ |

## അധ്യാപക രക്ഷാകർതൃ സമൂഹ കൂട്ടായ്മ

| | ഉദ്ദേശ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|
| 1. | രക്ഷാകർതൃ ബോധവൽക്കരണം | • ഉദ്ബോധനം ഏർപ്പെടുത്തൽ | | - | പി.ടി.എ |
| | | • മാസത്തിൽ ഒരു തവണ രക്ഷിതാക്കൾക്ക് ക്ലാസ്സ് (LP, UP പ്രത്യേകം) | പിന്തുണ | - | പി.ടി.എ |
| | | • പഠനോപകരണ നിർമ്മാണം | 1 വർഷം | - | പി.ടി.എ<br>ബി.ആർ.സി<br>പി.ടി.എ |
| | | • കുട്ടികളുടെ രചനകൾ പരിശോധിക്കൽ | | | |
| 4. | അധ്യാപക കൂട്ടായ്മ (പഞ്ചായത്ത് പ്രധാനാധ്യാപകർ) | • പരിശീലനപരിപാടികൾ | 1 വർഷം | - | പി.ടി.എ |

## പ്രവർത്തന വിശദാംശങ്ങൾ

**പ്രവർത്തനം 1** — ഫലപ്രദമായ മെന്ററിംഗ്

**ഉപപ്രവർത്തനം : 1.** മെന്റർ ഗ്രൂപ്പ് രൂപീകരണം

ഒരു അധ്യാപകന് 15 കുട്ടികൾ എന്ന രീതിയിൽ ചുമതല. ഗ്രൂപ്പിൽ ശരാശരിക്ക് മുകളിലുള്ളവരും ശരാശരിക്കാരും ശരാശരിക്ക് താഴെയുള്ളവരും ഉണ്ടാകും. ഒരു വർഷത്തേക്ക് ഈ കുട്ടികളുടെ ചുമതല ഈ അധ്യാപകനായിരിക്കും. കുട്ടിയെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഉൾപ്പെടുന്ന ഒരു ഫയൽ ഈ അധ്യാപകൻ സൂക്ഷിക്കണം. ഈ ഗ്രൂപ്പിന്റെ (മെന്റർ ഗ്രൂപ്പ്) ആദ്യത്തെ യോഗം ജൂൺ 10 നായിരിക്കും (സാമ്പത്തിക ചെലവ് - 3000 രൂപ)

**ഉപപ്രവർത്തനം : 2.** മെന്റർ ഗ്രൂപ്പ് - രക്ഷിതാക്കൾ സംയുക്തയോഗം

ചുമതലയുള്ള അധ്യാപകൻ മെന്റർ ഗ്രൂപ്പിലെ കുട്ടികളുടേയും രക്ഷിതാക്കളുടെയും സംയുക്തയോഗം ജൂൺ രണ്ടാംവാരം വിളിച്ചുചേർക്കണം. കുട്ടികളുടെ പ്രശ്നങ്ങൾ രക്ഷിതാക്കളുമായി ചർച്ചചെയ്യുകയും രേഖപ്പെടുത്തുകയും വേണം. (സാമ്പത്തിക ചെലവ് - 1000 രൂപ)

**ഉപപ്രവർത്തനം : 3 പ്രശ്നങ്ങൾ കണ്ടെത്തൽ**

ചുമതലയുള്ള അധ്യാപകർ, രക്ഷിതാക്കൾ, മറ്റ് അധ്യാപകർ, കുട്ടികൾ എന്നിവരുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രശ്നങ്ങൾ നിശ്ചിത ഫോർമാറ്റിൽ രേഖപ്പെടുത്തി വെക്കണം.

**ഉപപ്രവർത്തനം : 4 പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ.**

മെന്റർ ഗ്രൂപ്പിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനുള്ള പരിപാടികൾ മെന്ററുടെ നേതൃത്വത്തിൽ നോക്കണം. ഡിസംബർ മാസത്തോടെ എല്ലാകുട്ടികളും നിശ്ചിത നിലവാരത്തിലെത്തി എന്ന് ഉറപ്പാക്കാൻ കഴിയണം. ഇതിന് മറ്റ് അധ്യാപകർ, പി.ടി.എ. പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണം തേടാവുന്നതാണ്. (സാമ്പത്തിക ചെലവ് - 10000 രൂപ)

**ഉപപ്രവർത്തനം : 5 ഗൃഹസന്ദർശനം**

ചുമതലയുള്ള അധ്യാപകന്റെ നേതൃത്വത്തിൽ കുട്ടികൾ എല്ലാകുട്ടികളുടെയും വീടുകൾ സന്ദർശിക്കും. ഓരോരുത്തരുടെയും കുടുംബപരമായ പശ്ചാത്തലം മറ്റുകാര്യങ്ങൾ എന്നിവ കണ്ടെത്തി രേഖപ്പെടുത്തും. ഇത് ആഗസ്റ്റ് മാസത്തിലെ അവസാന ശനിയാഴ്ചയായിരിക്കും. തുടർന്ന് ഡിസംബർ, മാർച്ച് മാസങ്ങളിലും സന്ദർശനം നടത്തും.

**ഉപപ്രവർത്തനം : 6 അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ (ഭൗതികം)**

കണ്ടെത്തിയ പ്രശ്നങ്ങളിൽ അടിയന്തിരമായി പരിഹരിക്കേണ്ടവ എസ്.ആർ.ജി. പി.ടി.എ. എന്നിവയിലും വിദ്യാലയവികസന സമിതിയിലും ചർച്ച ചെയ്യുകയും പരിഹാര നടപടികൾ ഏറ്റെടുക്കുകയും ചെയ്യുന്നു. സാമ്പത്തികം ആവശ്യമുള്ളവർക്ക് സ്പോൺസർമാരെ കണ്ടെത്തുന്നു. ഒരു വർഷത്തിനകം ഈ പരിപാടികൾ പൂർത്തീകരിക്കും.

**ഉപപ്രവർത്തനം : 7 കലാകായിക മത്സരങ്ങൾ**

മെന്റർഗ്രൂപ്പിലെ കുട്ടികളുടെ എല്ലാവിധ കഴിവുകളും കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ ചുമതലയുള്ള അധ്യാപകൻ നേതൃത്വം നൽകും. ഗ്രൂപ്പിനകത്തും ഗ്രൂപ്പുകൾ തമ്മിലും വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും. ഇതിന്റെ ചുമതല എസ്.ആർ.ജി. ക്ക് ആയിരിക്കും. ആവശ്യമായ സംഖ്യ പി.ടി.എ. ഫണ്ടിൽ നിന്ന് കണ്ടെത്തും ഇത് വർഷത്തിൽ ഒരു പ്രാവശ്യം നടക്കും.

ഉപപ്രവർത്തനം : 4 ഫീൽഡ് ട്രിപ്പുകൾ

ചുമതലയുള്ള അധ്യാപകന്റെ നേതൃത്വത്തിൽ ഓരോ മെന്റർ ഗ്രൂപ്പും വിവിധ സ്ഥലങ്ങൾ സന്ദർശിക്കും. രക്ഷിതാക്കളും ഈ സംഘത്തിൽ ഉണ്ടായിരിക്കും. ഈ പരിപാടി മോണിറ്റർ ചെയ്യുന്നത് ഹെഡ്മാസ്റ്റർ, എസ്.ആർ.ജി. കൺവീനർ, പി.ടി.എ. പ്രസിഡണ്ട് എന്നിവരായിരിക്കും.

പ്രവർത്തനം : 2 എന്റെ വിദ്യാലയത്തിന് എന്റെ വക

ഉപപ്രവർത്തനം : 1 ധനസമാഹരണം - ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പൂർവ്വവിദ്യാർത്ഥികളിൽ നിന്ന് ധനസമാഹരണം നടത്തണം. (ലൈബ്രറി, ലാബ്, കളിയുപകരണങ്ങൾ, സൈക്കിൾ, മറ്റു പദ്ധതികൾ തുടങ്ങിയവയ്ക്ക് ഇത് ഉപയോഗപ്പെടുത്തുന്നു. (ചുമതല എസ്.ആർ.ജി.) 2 വർഷത്തെ പദ്ധതി.

ഉപപ്രവർത്തനം : 2 പരിശീലന പരിപാടികൾ

വ്യത്യസ്ത മേഖലകളിൽ കഴിവുള്ള രക്ഷിതാക്കൾക്ക് പരിശീലനം നൽകുന്ന പരിപാടി. അങ്ങനെ രക്ഷിതാക്കളുമായി അനുഭവങ്ങൾ പങ്കുവെക്കാൻ കുട്ടികൾക്ക് അവസരം. (വർഷത്തിൽ 2 പ്രാവശ്യം) ചുമതല മെന്റർ ഗ്രൂപ്പ്

ഉപപ്രവർത്തനം : 3 ഉച്ചഭക്ഷണം, പ്രഭാതഭക്ഷണം

ഉച്ചഭക്ഷണം മെച്ചപ്പെടുത്തുന്നതിനും പ്രഭാതഭക്ഷണം നൽകുന്നതിനും പൂർവ്വവിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കുന്ന പദ്ധതി. ചുമതല ഉച്ചഭക്ഷണ കമ്മിറ്റിക്ക്.

പ്രവർത്തനം 3 രക്ഷാകർതൃ ബോധവൽക്കരണം.

ഉപപ്രവർത്തനം : 1 രക്ഷിതാക്കൾക്കുള്ള ക്ലാസ്സ്

മാസത്തിൽ ഒരു പ്രാവശ്യം പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ക്ലാസ്സ്. ചുമതല പി.ടി.എ.ക്ക് സാമ്പത്തികം 5000 രൂപ

ഉപപ്രവർത്തനം : 2 പഠനോപകരണ നിർമ്മാണം

രക്ഷിതാക്കളും അധ്യാപകരും ചേർന്ന് നിർമ്മാണം നടത്തുന്നു. ചുമതല എസ്.ആർ.ജി. സാമ്പത്തികം 1000 രൂപ വർഷത്തിൽ ഒന്ന്

ഉപപ്രവർത്തനം : 3 ക്ലാസ്സ്പരിശോധന

രക്ഷിതാക്കൾ, അധ്യാപകർ എന്നിവർ കുട്ടികളുടെ നോട്ടുകൾ വിലയിരുത്തുന്നു.

പ്രവർത്തനം 4 അധ്യാപക കൂട്ടായ്മ

മുയിപ്പോത്ത് പ്രദേശത്തെ എല്ലാ അധ്യാപകരുടെയും റിട്ടയർ ചെയ്തവർ ഉൾപ്പെടെ) ഒരു കൂട്ടായ്മ രൂപീകരിക്കുന്നു. (20[illegible] സെപ്തംബർ 5 ന്) സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഈ കൂട്ടായ്മയുടെ സഹകരണം ഉറപ്പുവരുത്തുന്നു. ചുമതല എസ്.ആർ.ജി.

## 7 (13) ഭക്ഷണം, ആരോഗ്യം, ശുചിത്വം

**ലക്ഷ്യങ്ങൾ**

- നല്ല ഭക്ഷണ ശീലങ്ങൾ കുട്ടികളിൽ വളർത്തുക.
- ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുക
- നല്ല ശുചിത്വ ശീലങ്ങൾ വളർത്തിയെടുക്കുക.
- ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുക.
- പ്രഭാതഭക്ഷണം നൽകുക.
- ഉച്ചഭക്ഷണം കൃത്യത മെച്ചപ്പെടുത്തുക.
- ഉച്ചഭക്ഷണ വിതരണ സംവിധാനം മെച്ചപ്പെടുത്തുക.
- കുടിവെള്ള വിതരണത്തിന് മെച്ചപ്പെട്ട സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- ആവശ്യമായ ടോയ്‌ലറ്റുകൾ നിർമ്മിക്കുക. ഉള്ളവ മെച്ചപ്പെടുത്തുക.
- ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ ഏർപ്പെടുത്തുക.
- വേയ്സ്റ്റ്ബിന്നുകൾ സ്ഥാപിക്കുക.
- സമ്പൂർണ്ണ ശുചിത്വം ഉറപ്പുവരുത്തുക.
- മാലിന്യ സംസ്കരണത്തിന് പദ്ധതികൾ ആവിഷ്കരിക്കുക.

| ഭക്ഷണം, ആരോഗ്യം, ശുചിത്വം | | | | |
|---|---|---|---|---|
| പ്രോഗ്രാം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
| പ്രഭാത ഭക്ഷണം | -പ്രഭാത ഭക്ഷണത്തിന്റെ പ്രാധാന്യം<br>-ഭക്ഷണവിഭവങ്ങൾ (ബോധവത്കരണം- കുട്ടികൾക്കും രക്ഷിതാക്കൾക്കും)<br>-പ്രഭാതഭക്ഷണം വിദ്യാലയത്തിൽ നൽകൽ | 1 വർഷം | പ്രഭാത ഭക്ഷണത്തിനാവശ്യമായ വിഭവങ്ങൾ | ജനകീയ വികസന സമിതി |
| ഉച്ചഭക്ഷണ വിപുലീകരണം | -കൂടുതൽ വിഭവങ്ങൾ ഉൾപ്പെടുത്തൽ<br>-വിതരണസംവിധാനം മെച്ചപ്പെടുത്തൽ<br>-എം.പി.ടി.എ. സഹകരണം ഉറപ്പാക്കൽ<br>-പ്ലേറ്റ്, ഗ്ലാസ് എന്നിവ സ്കൂളിൽ നിന്ന് തന്നെ നൽകൽ<br>-മെസ്സ് ഹാൾ നിർമ്മാണം | 1 മാസം<br>3 വർഷം | ഉച്ചഭക്ഷണത്തിനാവശ്യമായ വിഭവങ്ങൾ<br>കൂടുതൽ പാത്രങ്ങൾ<br>പ്ലേറ്റ്, ഗ്ലാസ്സ് | പി.ടി.എ. വികസന സമിതി<br>മാനേജർ |
| കുടിവെള്ള പദ്ധതി എല്ലാ ക്ലാസ്സിലും | -ആവശ്യമായ പാത്രങ്ങൾ, ഗ്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കൽ<br>-പൈപ്പിംഗ് - എക്സ്റ്റൻഷൻ<br>-വാട്ടർ പ്യൂരിഫയർ | 3 മാസം | പാത്രങ്ങൾ | പി.ടി.എ. പഞ്ചായത്ത് |
| പുതിയ ടോയ്ലറ്റ് നിർമ്മാണം ഉള്ളവ ശുചീകരിക്കൽ | -പുതിയ 10 യൂണിറ്റ് ടോയ്ലറ്റ്<br>-ശുചീകരണത്തിന് സ്ഥിരം സംവിധാനം<br>-കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ<br>-ജെൻഡർ ഫ്രണ്ട്ലി ടോയ്ലറ്റുകൾ | 2 വർഷം | | മാനേജ്മെന്റ് സന്നദ്ധസംഘടനകൾ-വ്യക്തികൾ |
| ശുചിത്വവിദ്യാലയം | -വേസ്റ്റ്ബിന്നുകൾ സ്ഥാപിക്കൽ<br>-ബോധവത്കരണം<br>-ശുചിത്വഉപകരണങ്ങൾ സംഘടിപ്പിക്കൽ<br>-ശുചിത്വത്തിന് സമ്മാനം | 1 വർഷം | വേസ്റ്റ്ബിൻ മറ്റ് ഉപകരണങ്ങൾ | പി.ടി.എ. മാനേജ്മെന്റ് പഞ്ചായത്ത് |

വിശദാംശങ്ങൾ

1. പ്രഭാത ഭക്ഷണ പരിപാടി : പല കാരണങ്ങൾ കൊണ്ടും പ്രാതൽഭക്ഷണം കഴിക്കാതെ വിദ്യാലയത്തിലെത്തുന്ന കുട്ടികളെ കണ്ടെത്തി പ്രഭാതഭക്ഷണം ഒരുക്കുന്ന പരിപാടി. പ്രഭാതഭക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളെയും രക്ഷിതാക്കളെയും ബോധ്യപ്പെടുത്തുന്നതിനും ഈ പരിപാടി ഉദ്ദേശിക്കുന്നു.

അവലംബം : ആവശ്യമുള്ള കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കൽ (ജൂൺ 15 ന് മുമ്പ്)
- പ്രഭാതഭക്ഷണ കമ്മിറ്റി രൂപീകരണം
- വിഭവ സമാഹരണം - സ്പോൺസർമാരെ കണ്ടെത്തൽ (പി.ടി.എ.)
- പ്രഭാതഭക്ഷണം ആരംഭിക്കൽ (ജൂലൈ 1 മുതൽ)
- ബോധവൽക്കരണ ക്ലാസ്സുകൾ (ഹെൽത്ത് ക്ലബ്ബ്)

2. ഉച്ചഭക്ഷണം വിപുലീകരണം

ഉച്ചഭക്ഷണം കൂടുതൽ വിപുലവും പോഷകാഹാര സമൃദ്ധവുമാക്കുന്ന പരിപാടി. വിഭവസമാഹരണവും കുട്ടികളുടെ ശാരീരിക ക്ഷമത തിരിച്ചറിയാനുള്ള പ്രവർത്തനവും ഇതിന്റെ ഭാഗമാണ്.
- ഉച്ചഭക്ഷണത്തിന് കൂടുതൽ വിഭവങ്ങൾ കണ്ടെത്തൽ (പി.ടി.എ.)
- ഓരോ ക്ലാസ്സിലും വിതരണം ചെയ്യുന്നതിനായി പ്ലേറ്റുകളും ഗ്ലാസ്സുകളും വാങ്ങാൻ സ്പോൺസർ മാരെ കണ്ടെത്തൽ (വിദ്യാലയ വികസന സമിതി)
- ഉച്ചഭക്ഷണ പരിപാടിയിൽ എം.പി.ടി.എ.യുടെ പങ്കാളിത്തം

എം.പി.ടി.എ. മീറ്റിംഗ് (ജൂൺ 2-ാം വാരം)

ചുമതല നൽകൽ

ടൈം ടേബിൾ നിശ്ചയിക്കൽ

3. കുടിവെള്ള പദ്ധതി

എല്ലാ ക്ലാസ്സുകളിലും ശുദ്ധീകരിച്ച വെള്ളം ലഭ്യമാക്കുക. വെള്ളത്തിന്റെ ലഭ്യതക്കുറവ് പലപ്പോഴും കുടിക്കുന്ന വെള്ളത്തിന്റെ അളവ് കുറയുന്നതിന് കാരണമാകുന്നു.
- വാട്ടർപ്യൂരിഫയർ സ്ഥാപിക്കുക (വിദ്യാലയ വികസന സമിതി)
- തിളപ്പിച്ചാറ്റിയ വെള്ളത്തിനായി കണ്ടെയ്നറുകൾ സ്ഥാപിക്കുക.
- ബോധവൽക്കരണ ക്ലാസ്സുകൾ (സാമ്പത്തികം 5000 രൂപ)

4. പുതിയ ടോയ്‌ലറ്റ് നിർമ്മാണം

ടോയ്‌ലറ്റുകളുടെ അവസ്ഥാ വിശകലനം - 2018 ജൂൺ

ടോയ്‌ലറ്റുകളുടെ പെയിന്റിംഗ് റിപ്പയറിംഗ് - 2018 ജൂൺ

ആധുനിക ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം - 2019 ചുമതല മാനേജർ

5. ശുചിത്വ വിദ്യാലയം

വേസ്റ്റ്ബിൻ സ്ഥാപിക്കൽ (ചുമതല പി.ടി.എ.)

ബോധവൽക്കരണം - (ചുമതല ശുചിത്വക്ലബ്ബ്)

ശുചിത്വ ഉപകരണങ്ങൾ വാങ്ങൽ (പി.ടി.എ.)

ശുചിത്വത്തിന് സമ്മാനം (സാമ്പത്തികം 5000 രൂപ)

## 7 (15) സമഗ്ര വികസനം

**ലക്ഷ്യങ്ങൾ**

- അന്താരാഷ്ട്ര തലത്തിലേക്ക് വിദ്യാലയത്തെ ഉയർത്തിക്കൊണ്ടുവരുക.
- സ്കൂൾ കാമ്പസിനെ പാഠപുസ്തകമാക്കി വികസിപ്പിക്കുക.
- പ്രകൃതി സൗഹൃദ വിദ്യാലയം യാഥാർത്ഥ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുക.
- ഓരോ വിദ്യാർത്ഥിയുടെയും സവിശേഷവും സർഗ്ഗപരവുമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കുവാനും ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കുക.
- വിദ്യാർത്ഥികളുടെ കഴിവിന്റെ സമസ്ത മേഖലകളും വളർത്തുക.
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകവും ചിട്ടയുള്ളതും ആക്കുക.
- ക്ലബ്ബ് പ്രവർത്തനങ്ങൾ പഠനപ്രവർത്തനത്തിന്റെ ഭാഗമാക്കുക.
- പ്രാദേശിക പരിഗണനകളും ആവശ്യങ്ങളും കണ്ടെത്തി ക്ലബ്ബ് പ്രവർത്തനങ്ങളെ ആസൂത്രണം ചെയ്യുക
- എല്ലാ കുട്ടികളെയും ഏതെങ്കിലും ഒരു ക്ലബ്ബിൽ അംഗമാക്കുക.
- ക്ലബ്ബ് പ്രവർത്തനങ്ങളിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുക.

| പ്രോഗ്രാം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ടാലന്റ് ലാബ് | 1. ടാലന്റുകളുടെ ലിസ്റ്റ് തയ്യാറാക്കൽ-ഗ്രൂപ്പ് രൂപീകരിക്കൽ | 2 മാസം | - | SRG<br>PTA<br>BRC<br>DIET |
| | 2. ടാലന്റ് ഗ്രൂപ്പിന് പരിശീലനം നൽകൽ | ജൂലായ് | - | വിദ്യാലയ വികസന സമിതി |
| | 3. വിദഗ്ധരെ കണ്ടെത്തൽ | ആഗസ്റ്റ് | - | |
| | 4. ടാലന്റ് പരിപോഷണം. | സെപ്തം-മാർച്ച് | - | |
| ജൈവവൈവിധ്യ ഉദ്യാനം (കാമ്പസിനെ പാഠപുസ്തകമാക്കുക) | * ജൈവവൈവിധ്യ രജിസ്റ്റർ<br>* ഉദ്യാന നിർമ്മിതി | ഏപ്രിൽ<br>മെയ്<br>ജൂലായ് | -<br>സസ്യങ്ങൾ | BRC<br>PTA<br>വികസന സമിതി |
| | * ജൈവവേലികൾ | സെപ്തം- | | |
| ബാന്റ് സെറ്റ് | * ധനസമാഹരണം<br>* പരിശീലനം | 3 വർഷം | ബാന്റ്സെറ്റ് | വിദ്യാലയ വികസന സമിതി |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | * ക്ലബ്ബ് പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യൽ | മെയ് | - | വിഷയ സമിതി |
| | * ക്ലബ്ബുകളുടെ രൂപീകരണം | ജൂൺ | - | SRG<br>വിഷയ സമിതി |
| | * പ്രവർത്തനങ്ങൾ നടപ്പാക്കൽ | ജൂലായ്<br>മാർച്ച് | - | വിഷയ സമിതി |

## പ്രവർത്തന വിശദാംശങ്ങൾ

**പ്രവർത്തനം : 1** ടാലന്റ് ലാബ്

**ഉപപ്രവർത്തനം : 1** ടാലന്റുകളുടെ ലിസ്റ്റ് തയ്യാറാക്കൽ. ഗ്രൂപ്പ് രൂപീകരിക്കൽ

ജൂൺ, ജൂലായ് മാസത്തിൽ ഓരോ ടീച്ചറും തന്റെ കുട്ടികളുടെ സവിശേഷമായിട്ടുള്ള കഴിവുകൾ കണ്ടെത്തുകയും ഇനം തിരിച്ചുള്ള ലിസ്റ്റ് എസ്.ആർ.ജി. കൺവീനർക്ക് നൽകുകയും ചെയ്യുന്നു. എസ്.ആർ.ജി. കൺവീനർ യോഗം വിളിച്ചു ചേർത്ത് സമാന സ്വഭാവമുള്ള ടാലന്റുകളെ ഒരു ഗ്രൂപ്പാക്കുന്നു. ഈ ടാലന്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു.

**ഉപപ്രവർത്തനം : 2** ചുമതല നൽകൽ

ഓരോ ടാലന്റ് ഗ്രൂപ്പിനും അധ്യാപകരെ ചുമതലപ്പെടുത്തുന്നു. ഈ അധ്യാപകൻ ടാലന്റ് ഗ്രൂപ്പിന്റെ യോഗം വിളിച്ചു ചേർക്കുന്നു (ജൂലൈ മാസം)

**ഉപപ്രവർത്തനം : 3** വിദഗ്ധരെ കണ്ടെത്തൽ

എസ്.ആർ.ജി., പി.ടി.എ. എന്നിവയുടെ ചുമതലയിൽ ഓരോ ടാലന്റ് ഗ്രൂപ്പിനും ആവശ്യമായ വിദഗ്ധരുടെ ലിസ്റ്റ് തയ്യാറാക്കി അവരെ വിളിച്ചു ചേർക്കുകയും പദ്ധതി വിശദീകരിക്കുകയും ചെയ്യുന്നു. (ആഗസ്റ്റ് മാസത്തിൽ)

**ഉപപ്രവർത്തനം : 4** ടാലന്റ് പരിപോഷണം

സെപ്തംബർ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ ടാലന്റുകളെ പരിപോഷിപ്പിക്കുന്ന പരിപാടി. അതാത് ടാലന്റ് ഗ്രൂപ്പിന്റെ ചുമതലയിൽ നടക്കുന്നു. ഈ പദ്ധതിക്കാവശ്യമായ ചെലവ് ഓരോ ഗ്രൂപ്പും കണക്കാക്കുന്നു. സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നു.

**പ്രവർത്തനം 2** ജൈവവൈവിധ്യ ഉദ്യാനം

**ഉപപ്രവർത്തനം : 1** ഏപ്രിൽ, മെയ് മാസങ്ങളിൽ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ. ചുമതല എസ്.ആർ.ജി.

**ഉപപ്രവർത്തനം : 2** ഉദ്യാനനിർമ്മിതി

ജൂലായ് മാസം – ചുമതല പി.ടി.എ.

സാമ്പത്തികം – സർക്കാർ, പഞ്ചായത്ത് സഹായം

**ഉപപ്രവർത്തനം : 3** ജൈവവേലികൾ

സെപ്തംബർ മാസം – ചുമതല പി.ടി.എ.

**പ്രവർത്തനം : 3 ബാന്റ് സെറ്റ്**

**ഉപപ്രവർത്തനം : 1 ധനസമാഹരണം**

2020 മാർച്ച് 31 ന് അകം ഇതിനാവിശ്യമായ ധനസമാഹരണം. പി.ടി.എ. യുടെ ചുമതലയിൽ നടത്തുന്നു.

**ഉപപ്രവർത്തനം : 2** പരിശീലനം

2020 ഏപ്രിൽ, മെയ് മാസത്തിൽ ചുമതല പി.ടി.എ. 2020 ജൂൺ 1 മുതൽ പ്രവർത്തനം ആരംഭിക്കും.

**പ്രവർത്തനം 4** ക്ലബ്ബ് പ്രവർത്തനങ്ങൾ

**ഉപപ്രവർത്തനം : 1** വിഷയ സമിതികൾ ഏപ്രിൽ – മെയ് മാസങ്ങളിൽ ക്ലബ് പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു.

**ഉപപ്രവർത്തനം : 2** ക്ലബ്ബുകൾ രൂപീകരണം ജൂൺ 30 ന് മുമ്പ്

**ഉപപ്രവർത്തനം : 3** ക്ലബ്ബുകളുടെ പ്രവർത്തനം ജൂലായ് മുതൽ മാർച്ച് വരെ

## 8 മോണിറ്ററിംഗ്

വികസന പദ്ധതി സമഗ്രമായി പരിശോധിക്കുകയും പ്രവർത്തനങ്ങളുടെ പൂർവ്വാപരക്രമം നിർണ്ണയിക്കുകയും വേണം. തുടർന്ന് വാർഷിക കലണ്ടർ തയ്യാറാക്കണം. ഒരു വർഷം നടക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നിശ്ചയിക്കണം. വാർഷിക കലണ്ടറിലെ ഓരോ മാസവും വരുന്ന പ്രവർത്തനങ്ങൾ ചേർന്ന് പ്രതിമാസ കലണ്ടർ തയ്യാറാക്കണം.

വിദ്യാലയ വികസന സമിതി പ്രതിമാസം ചേർന്ന് തൻമാസത്തിൽ അതുവരെ നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം. ഓരോ ഘട്ടത്തിലും പ്രവർത്തനങ്ങളിൽ വരുന്ന മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കി നടപ്പിലാക്കുകയും വേണം. എസ്.ആർ.ജി., പി.ടി.എ. വിഷയ സമിതികൾ വിദ്യാലയ വികസന പദ്ധതിക്ക് പ്രധാന പരിഗണന നൽകണം. വിദ്യാലയത്തിലെ എല്ലാ സമിതികളുടെയും ആദ്യ അജണ്ട വിദ്യാലയ വികസന പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനവും ആസൂത്രണവും ആയിരിക്കണം.

## 9 ഉപസംഹാരം

നമ്മുടെ വിദ്യാലയത്തിന്റെ സമഗ്രമായ വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ നിന്നും പദ്ധതികൾ നിശ്ചിത വിഷയ ഗ്രൂപ്പുകൾ തെരഞ്ഞെടുത്ത് സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യണം. ആവശ്യമായ കൂട്ടിച്ചേർക്കലുകളും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കലും വേണ്ടി വരും. പ്രാദേശികവും കാലികവുമായ മാറ്റങ്ങൾക്ക് ഈ പദ്ധതി വഴങ്ങുന്നതാവണം.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കൃത്യമായ ആസൂത്രണവും വിലയിരുത്തലും ഉറപ്പാക്കണം. ഫണ്ട് വിനിയോഗത്തിൽ കൃത്യതയും സൂക്ഷ്മതയും സുതാര്യതയും ഉറപ്പാക്കണം. വിദ്യാലയത്തിലേക്ക് ഏതു സ്രോതസ്സുകളിൽ നിന്ന് ഫണ്ട് ലഭിച്ചാലും നടപ്പിലാക്കുന്നത് വികസന പദ്ധതിയിലെ പ്രവർത്തനങ്ങളാവണം.

ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് ആവശ്യമായ വിഭവവും കണ്ടെത്തണം. അടുത്ത 5 വർഷം കൊണ്ട് വിദ്യാലയത്തെ എല്ലാ തലത്തിലും ലോക നിലവാരത്തിലെത്തിക്കുന്നതിനുള്ള ശ്രമങ്ങളാണ് നാം ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്.

# അനുബന്ധം

## PTA,MPTA കമ്മിറ്റി ഭാരവാഹികൾ 2025-26

1. കിഷോർ കുമാർ ഇ പി
2. സജീവൻ ഇ പി
3. രാജീവൻ കെ കെ
4. രതീഷ് എൻ പി
5. രതി ഇ എം
6. പ്രദീപൻ എ
7. മനോജ് വിൽഷ
8. ജാഫർ പി
9. സുനിൽകുമാർ കെ
10. പ്രശാന്ത് എൻ
11. സജിത എം കെ
12. നസീമ കെ കെ
13. മിഥുൻ വി
14. സതീദേവി കെ
15. രഞ്ജിത് ഇ
16. വിനോദകുമാർ ആർ
17. മുഹമ്മദലി സി വി
18. ഫിൽഷാന മിസ്ബ എൻ ടി
19. രേഷ്മ വി ടി
20. വിനീത പി
21. ഷിംന പി
22. അനുപമ ബി.എസ്
23. മഞ്ജുള ടി
24. സീമ പി ടി
25. ലാമിനത്ത്
26. രേഷ്മ പി ടി
27. ഷജില കെ എം
28. ഖൈറുന്നിസ വി കെ
29. ജസീല ജാഫർ

## SSG MEMBERS - 2025-26

1. ഷിജിത്ത് എൻ ടി
2. N R രാഘവൻ
3. സുബൈദ ഇ കെ
4. ബാലകൃഷ്ണൻ ശാലാനിലയം
5. പട്ടയാട്ട് അബ്ദുള്ള
6. ദിനേശൻ എൻ
7. രാജൻ കുനിമ്മൽ
8. എം സായിദാസ്
9. കരീം കോച്ചേരി
10. സി കെ പ്രഭാകരൻ

